# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 41 ലക്കം മാർച്ച് 2023 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



''ഞാനെന്റെ രക്ഷകനായ ദൈവത്തിൽ
ആഹ്ലാദിക്കുന്നു എന്ന് ഉറക്കെ ഉദ്ഘോഷിച്ച
കന്യകാമറിയമേ, ജനപദങ്ങളുടെ മദ്ധ്യേ സധൈര്യം
മിശിഹായെ പ്രഘോഷിക്കുവാൻ
റൂഹാദ്ഖുദ്ശായാൽ ശക്തരാകുന്നതിനായി
ഞങ്ങൾക്ക് വേണ്ടി മാധ്യസ്ഥം വഹിക്കണമേ.''



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 41 ഉയിർപ്പുലക്കം മാർച്ച് 2023

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**ജിസ കൂട്ടിയാനിക്കൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- എല്ലാവരും വിശുദ്ധർ 5
- ധീരയോദ്ധാവ് 8
- എമ്മാവൂസിലേക്ക് ഒരു ആത്മീയയാത്ര 10
- ഉയിർപ്പുകാലം 12
- സർവാധിനാഥൻ 15
- നല്ല മനസ്സ് രൂപപ്പെടുത്തുക 16
- അസ്സീസിയിലെ വി. ഫ്രാൻസിസ് 18
- സെനക്കിൾ തരംഗം 21
- തെറ്റു പറ്റിയത് ആർക്ക്? 22
- ഞാനുണ്ട് കൂടെ 24
- പക വേണ്ട 26
- ദാഹം 28
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# മാറ്റമില്ലാത്ത വേഷം

*"**അ**വരും പ്രമാണികളും കൂടിയാലോചിച്ചതിനുശേഷം പടയാളികൾക്കു വേണ്ടത്ര പണം കൊടുത്തിട്ടു പറഞ്ഞു: ഞങ്ങൾ ഉറങ്ങിയപ്പോൾ രാത്രിയിൽ അവന്റെ ശിഷ്യന്മാർ വന്ന് അവനെ മോഷ്ടിച്ചുകൊണ്ടുപോയി എന്നു പറയുവിൻ.... അവർ പണംവാങ്ങി, നിർദ്ദേശമനുസരിച്ചു പ്രവർത്തിച്ചു. ഇത് ഇന്നും യഹൂദരുടെയിടയിൽ പ്രചാരത്തിലിരിക്കുന്നു"* (മത്താ 28,12-15). ഈശോയുടെ ഉത്ഥാനത്തെ നിഷേധിക്കുവാൻ യഹൂദനേതാക്കന്മാർ നടത്തിയ ഗൂഢാലോചനയെക്കുറിച്ച് മത്തായിസുവിശേഷകൻ വിവരിച്ചിരിക്കുന്ന ഭാഗമാണിത്.

നൂറ്റാണ്ടുകൾ പിന്നിട്ടു... ഇതുപോലെ എത്രയോ ഗൂഢാലോചനകൾക്കു ചരിത്രം സാക്ഷിയായി! മിശിഹായ്ക്കെതിരായി നടന്ന കൂടിയാലോചനകൾ പിന്നീട് ശ്ലീഹന്മാർക്കും സഭാംഗങ്ങൾക്കുമെതിരേയായി എന്നു മാത്രം. പല കാലങ്ങളിലും പല നാടുകളിലും പല രീതികളിലുമായി ഇത്തരം വേഷങ്ങൾ ഇന്നും ആവർത്തിക്കുന്നു. പ്രത്യക്ഷത്തിൽ നടക്കുന്ന മതപീഡനങ്ങൾമാത്രമല്ല, ക്രൈസ്തവനാശത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ള വൈറസുകളെ ഉല്പാദിപ്പിച്ച് സമൂഹമനസ്സുകളിലേക്ക് കടത്തിവിടുന്ന മറ്റു പല അണിയറപ്രവർത്തനങ്ങളും നടക്കുന്നുണ്ട് എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്.

ക്രൈസ്തവരുടെ ജീവനാഡികളാണ് വൈദികരും സന്ന്യസ്തരുമെന്ന് അറിയാവുന്ന ഇത്തരം 'കൂടിയാലോചനക്കാർ' അവരെ നശിപ്പിക്കുന്നതിനുതകുന്ന പലതരം കളികൾവഴി ക്രിസ്ത്യാനികളുടെ നാശം മുൻകൂട്ടി ആസ്വദിക്കുന്നതിനും നമ്മൾ സാക്ഷികളാണല്ലോ. നാനാജാതിമതസ്ഥരിൽപ്പെട്ട മലയാളിമനസ്സുകളിൽ അവഹേളനാപാത്രങ്ങളായി വൈദികരെയും സന്ന്യസ്തരെയും പ്രതിഷ്ഠിക്കുവാൻ നടത്തുന്ന, പൊയ്മുഖങ്ങൾ നിറഞ്ഞാടുന്ന അരങ്ങുകളിലെ വേഷംകെട്ടലുകൾക്ക് പക്ഷേ അധികം ആയുസ്സുണ്ടാവില്ല. കാലങ്ങളേറെ കഴിഞ്ഞിട്ടും ഒളിമങ്ങാത്ത ഉത്ഥാനമഹത്ത്വത്തിന്റെ പ്രഭ ഏറ്റുവാങ്ങി ആ വെളിച്ചത്തിൽ ജീവിക്കുന്നവർക്ക് ഇത്തരം അന്ധകാരശക്തികൾ ഒരു വെല്ലുവിളിയാകുന്നില്ല. എന്തൊക്കെയോ നേട്ടങ്ങൾക്കുവേണ്ടി സ്വന്തം ചിന്താശക്തിയെ അടിമത്വത്തിന്റെ കൂച്ചുവിലങ്ങിടാൻ അനുവദിക്കുന്നവർക്കുമാത്രമാണ് ഇത്തരക്കാർ ഭീഷണിയാകുന്നത്.

മരണത്തെ അതിജീവിച്ച ഉത്ഥിതന്റെ യഥാർത്ഥ ശിഷ്യരായി ജീവിച്ചുകൊണ്ട് സമൂഹത്തിൽ ക്രൈസ്തവസാക്ഷ്യം നല്കുവാൻ നമുക്കിടയാകട്ടെ. ഏവർക്കും ഉയിർപ്പുതിരുനാളിന്റെ ആശംസകൾ...

ചീഫ് എഡിറ്റർ




# എല്ലാവരും സഹോദരർ

**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**

## സഭ: വിശുദ്ധരുടെ സമൂഹം

സീറോ മലബാർ സഭയിൽ സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്നത് ഉയിർപ്പുതിരുനാൾ കഴിഞ്ഞുവരുന്ന വെള്ളിയാഴ്ചയാണ്. അതിനുകാരണമായിത്തീർന്നത് സുറിയാനിസഭയിലെ പാത്രിയാർക്കീസായിരുന്ന ശെമയോൻബർസബായുടെയും നൂറുകണക്കിനു വിശ്വാസികളുടെയും രക്തസാക്ഷിത്വമാണ്. അത് ഒരു ദുഃഖവെള്ളിയാഴ്ചയാണ് സംഭവിച്ചത്. ദുഃഖവെള്ളി ഈശോയുടെ പീഡാനുഭവമരണങ്ങളെ അനുസ്മരിക്കുന്നതുകൊണ്ട് ഈശോയിൽ വിശ്വസിക്കുന്നവരുടെ രക്തസാക്ഷിത്വത്തെ, അതിനടുത്ത വെള്ളിയാഴ്ച അനുസ്മരിക്കുവാൻ തുടങ്ങി. വീരോചിതമായി ഈശോയിൽ വിശ്വസിക്കുന്നവരാണ് വിശുദ്ധർ. അതുകൊണ്ട് മാമോദീസാ സ്വീകരിച്ച് ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമായ സഭ വിശുദ്ധരുടെ സമൂഹമാണ്.

## സഭ: സഹോദരരുടെ സമൂഹം

മാമ്മോദീസായിലൂടെയാണല്ലോ സഭയുടെ അംഗത്വത്തിലേക്കു നാം പ്രവേശിക്കുന്നത്. മാമോദീസാ പിതാവായ ദൈവത്തിന്റെ പുത്രത്വത്തിലേക്കുള്ള പ്രവേശനമാണ്. ഇത് ദൈവ

ത്തിന്റെ രക്ഷാപദ്ധതിതന്നെയാണ്. റോമാക്കാർക്കെഴുതിയ ലേഖനത്തിൽ പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നു: “അവിടുന്നു മുൻകൂട്ടി അറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ഇത് തന്റെ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകുന്നതിനുവേണ്ടിയാണ്. താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്നു വിളിച്ചു; വിളിച്ചവരെ വിശുദ്ധീകരിച്ചു; വിശുദ്ധീകരിച്ചവരെ മഹത്ത്വപ്പെടുത്തി” (റോമാ 8,29-30). പിതാവായ ദൈവം പരിശുദ്ധനായതുകൊണ്ട്, അവിടുത്തെ പുത്രരായിത്തീരുന്നവരും പരിശുദ്ധരായിത്തീരുന്നു. പരിശുദ്ധനായ പിതാവിന്റെ പരിശുദ്ധരായ മക്കൾ പരസ്പരം സഹോദരരുമാണ്.

## ഉത്ഭവപാപം: സാഹോദര്യമില്ലായ്മ

പിതാവായ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട, പുത്രരായ മനുഷ്യർ, പരസ്പരം സഹോദരങ്ങളുമാണ്. എന്നാൽ ഈ സാഹോദര്യം നഷ്ടപ്പെടുന്ന ഉത്ഭവപാപമാണ് ആദത്തിന്റെ സന്തതികളായ കായേനിലൂടെയും ആബേലിലൂടെയും ഉദാഹരിക്കപ്പെടുന്നത്: “കർത്താവു കായേനോടു ചോദിച്ചു: നീ കോപിച്ചിരിക്കുന്നതെന്തുകൊണ്ട്? നിന്റെ മുഖം വാടിയിരിക്കുന്നതെന്തുകൊണ്ട്? ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽത്തന്നെ പതിയിരിപ്പുണ്ടെന്ന് ഓർക്കണം. അതു നിന്നിൽ താത്പര്യം വെച്ചിരിക്കുന്നു; നീ അതിനെ കീഴടക്കണം” (ഉൽപ 4,6-7). ഈ സാഹോദര്യമില്ലായ്മയാണ് അതിന്റെ പൂർണതയിൽ ബാബേലിൽ പ്രത്യക്ഷപ്പെട്ടതും (ഉൽപ 11,1-9). പിന്നീട് ഈശോയുടെ രക്ഷാകരപ്രവർത്തനത്തിന്റെ ഫലമായി പന്തക്കുസ്താനുഭവത്തിലൂടെ വീണ്ടെടുക്കപ്പെട്ടതും (അപ്പ 2,1-13).

## സാഹോദര്യവും പന്തക്കുസ്താനുഭവവും

യോഹന്നാന്റെ സുവിശേഷത്തിൽ മിശിഹായുടെ മഹത്ത്വീകരണത്തിലൂടെ വീണ്ടെടുക്കപ്പെട്ടതു ഉത്ഭവപാപത്തിലൂടെ നഷ്ടപ്പെട്ട സാഹോദര്യമാണ്. ഉത്ഥാനം ചെയ്ത മിശിഹാ മഗ്ദലേനാമറിയത്തോടു പറഞ്ഞ വാക്കുകൾ ഇത് സൂചിപ്പിക്കുന്നുണ്ട്: “ഈശോ പറഞ്ഞു: നീ എന്നെ തടഞ്ഞു നിർത്താതിരിക്കുക. എന്തെന്നാൽ ഞാൻ പിതാവിന്റെ അടുത്തേക്കു ഇതുവരെയും കയറിയിട്ടില്ല. നീ എന്റെ സഹോദരന്മാരുടെ അടുത്തുചെന്ന് അവരോടു ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും, എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക” (യോഹ 20,17). യോഹന്നാന്റെ സുവിശേഷത്തിൽ ആദ്യമായിട്ടാണ് ഈശോ തന്റെ ശിഷ്യരെ ‘സഹോദരന്മാർ’ എന്നു വിശേഷിപ്പിക്കുന്നത്. പാപത്തിലൂടെ നഷ്ടപ്പെട്ട ദൈവപുത്രർക്കടുത്ത സാഹോദര്യം ദൈവപുത്രനായ മിശിഹായുടെ മഹത്ത്വീകരണത്തിലൂടെ വീണ്ടെടുക്കപ്പെട്ടുവെന്ന് ഇതു വ്യക്തമാക്കുന്നു.

## മിശിഹായിൽ എല്ലാവരും വിശുദ്ധരും സഹോദരരും

ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ എല്ലാ മനുഷ്യരും പരിശുദ്ധരും സഹോദരീസഹോദരന്മാരും ആകേണ്ടവരാണെന്ന് പൗലോസ്ശ്ലീഹാ പറയുന്നുണ്ട്: “തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്ക്കളങ്കരും ആയിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ അവിടുന്നു നമ്മെ മിശിഹായിൽ തിരഞ്ഞെടുത്തു. ഈശോമിശിഹായിൽ നാം അവിടുത്തെ പുത്രരായി ദത്തെടുക്കപ്പെടണമെന്ന് അവിടുന്നു തന്റെ ഹിതവും ലക്ഷ്യവുമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ചു” (എഫേ 1,4-5). ദൈവപുത്രരെന്ന നിലയിൽ സഭാംഗങ്ങൾ സഹോദരീസഹോദരന്മാ

രാണ്. "ഇത് കാലത്തിന്റെ പൂർണതയിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനെയും മിശിഹായിൽ ഒന്നിപ്പിക്കുന്നതിനുവേണ്ടിയത്രേ" (എഫേ 1,10) എന്നു പൗലോസ്ശ്ലീഹാ പറയുന്നു. സഭാസമൂഹം എല്ലാ മനുഷ്യരെയും വിശുദ്ധിയിലും സാഹോദര്യത്തിലും ഒന്നിപ്പിക്കുന്ന കൂദാശയായിത്തീരുവാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് ഇതു വ്യക്തമാക്കുന്നു.

## ക്രിസ്ത്യാനികൾ: സഹോദരർ

പുതിയനിയമത്തിൽ ക്രിസ്ത്യാനികളെ സഹോദരർ എന്ന് നൂറ്റിയറുപതുപ്രാവശ്യം വിശേഷിപ്പിക്കുന്നുണ്ട്. സമാന്തരസുവിശേഷങ്ങളിൽ ഈശോതന്നെ തന്റെ ശിഷ്യരെ സഹോദരർ എന്നു വിശേഷിപ്പിക്കുന്നുണ്ട്. തന്റെ അമ്മയും സഹോദരരും തന്നെ കാണാൻ വന്നപ്പോൾ ഈശോ പറഞ്ഞു: "ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരർ? തന്റെ ശിഷ്യരുടെ നേരെ കൈ ചൂണ്ടിക്കൊണ്ട് അവൻ പറഞ്ഞു: ഇതാ എന്റെ അമ്മയും സഹോദരരും" (മത്താ 12,48-50). പൗലോസ്ശ്ലീഹാ നടപടിഗ്രന്ഥത്തിൽ അരെയോപ്പാഗസിലെ പ്രസംഗത്തിൽ നാം ദൈവത്തിന്റെ സന്താനങ്ങളാണെന്ന് പ്രഖ്യാപിക്കുന്നുണ്ട് (അപ്പ 17,28-29). റോമാക്കാർക്കുള്ള ലേഖനത്തിൽ നാം ദൈവത്തിന്റെ ദത്തുപുത്രരാണെന്നു പൗലോസ്ശ്ലീഹാ പ്രഖ്യാപിക്കുമ്പോൾ (റോമാ 8,14-16), യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിൽ നാം ദൈവത്തിൽനിന്നു ജനിച്ച ദൈവമക്കളാണെന്നു പ്രസ്താവിക്കുന്നു: "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി" (യോഹ 1,12). പൗലോസ്ശ്ലീഹാ തന്റെ ലേഖനങ്ങളിലെല്ലാം വിശ്വാസികളെ വിശുദ്ധരെന്നോ സഹോദരരെന്നോ വിശേഷിപ്പിക്കുന്നതു കാണാം.

## വിശുദ്ധി: സാഹോദര്യം

വിശുദ്ധ യോഹന്നാൻ തന്റെ ഒന്നാം ലേഖനത്തിൽ വിശുദ്ധി സാഹോദര്യം തന്നെയാണെന്ന് വ്യക്തമായി പറയുന്നുണ്ട്. "ദൈവത്തിൽനിന്നും ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല" എന്നു പറയുന്ന യോഹന്നാൻശ്ലീഹാ തുടർന്നു പറയുന്നു: "തന്റെ സഹോദരനെ സ്നേഹിക്കുന്നതുകൊണ്ട് നമ്മൾ മരണത്തിൽനിന്നും ജീവനിലേക്കു കടന്നിരിക്കുന്നു എന്നു നാമറിയുന്നു" (1 യോഹ 3,9.14). അതുപോലെതന്നെ സഭയുടെ ആരംഭം മുതൽ വിശുദ്ധിയിലേക്കുള്ള വിളിയും സാഹോദര്യത്തിലേക്കുള്ള വിളിയും ഒന്നുതന്നെയാണെന്നും യോഹന്നാൻശ്ലീഹാ പറയുന്നു: "ആദിമുതൽ നിങ്ങൾ കേട്ടിരിക്കുന്ന സന്ദേശമിതാണ്: നാം പരസ്പരം സ്നേഹിക്കണം. തിന്മയുടെ സന്തതിയും സഹോദരനെ കൊന്നവനുമായ കായേനെപ്പോലെയാകരുത്" (1 യോഹ 3,11-12). ആദിമസഭ പിറന്നുവീണതും സാഹോദര്യത്തിൽ പരസ്പരം സ്നേഹിക്കുന്ന കൂട്ടായ്മയായിട്ടാണ് (അപ്പ 2,42). അതുകൊണ്ട് സ്നേഹപിതാവിന്റെ മക്കൾക്കടുത്ത സാഹോദര്യം ജീവിച്ചുകൊണ്ട് വിശുദ്ധരുടെയും സഹോദരരുടെയും കൂട്ടായ്മയായി സഭയെ കെട്ടിപ്പടുക്കുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

*"വിശുദ്ധിയെന്നത് കുറച്ചു വ്യക്തികൾക്കുമാത്രമുള്ള സുഖഭോഗ വസ്തുവല്ല. പിന്നെയോ എനിക്കും നിങ്ങൾക്കുമുള്ള ലളിതമായ ഒരു കടമയാണ്"*

*വി. മദർ തെരേസ*



# ധീരയോദ്ധാവ്

*"സ്നേഹത്തിനു പകരം അവരെന്നെ ദ്വേഷിക്കുന്നു, ഞാനോ അവർക്കായി പ്രാർത്ഥിക്കുന്നു"*
(സങ്കീ 109,4)

**ജൂലി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**'സീ**റോ മലബാർ സഭയുടെ കിരീടം' എന്ന വിശേഷണം തന്റെ സുഹൃത്തും വലിയ ഇടയനുമായ ബെനഡിക്ട് മാർപാപ്പായിൽ നിന്നും ലഭിച്ചപ്പോഴും അത്യന്തം വിനയാന്വിതനായി തന്റെ കർമ്മരംഗത്ത് സദാ പ്രശോഭിച്ച അജപാലകശ്രേഷ്ഠനാണ് മാർ ജോസഫ് പൗവത്തിൽ. ആഴമേറിയ ചിന്തകളാൽ ദീപ്തവും പ്രശാന്തസുന്ദരവുമായ ആ മുഖം ഇന്ന് കാലയവനികയ്ക്കുള്ളിൽ മറയുമ്പോഴും നിലപാടുകളിലെ വ്യക്തതയും വിവേകവുംകൊണ്ട് പ്രവാചകധീരതയോടെ അദ്ദേഹം നടത്തിയ പ്രതികരണങ്ങളുടെ ഉറച്ച ശബ്ദം നമ്മുടെ കർണ്ണപുടങ്ങളിൽ പ്രതിധ്വനിക്കുന്നുണ്ടാകും.

ഒരു ‘കാന്തിക കോമ്പസ്’ പോലെ എല്ലായ്പ്പോഴും ദൈവത്തിനും ദൈവജനത്തിനും നേരെ നിലകൊണ്ട് സഭയ്ക്കു ദിശാബോധം നല്കിയ ഈ ആചാര്യോത്തമന് ജീവിതം എന്നത് സഭയും വിശ്വാസവുമായിരുന്നു. രൂക്ഷമായ വിമർശനങ്ങളെ പിതാവ് നേരിടുന്ന ശൈലി ഒരു യഥാർത്ഥ മിശിഹാനുയായിയുടേതായിരുന്നു. തന്റേതായ അഭിപ്രായങ്ങൾ തുറന്നു പങ്കുവയ്ക്കുമ്പോഴും തന്റെ എതിരാളികൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന അദ്ദേഹത്തിന്റെ ജീവിതശൈലി സങ്കീർത്തകന്റെ വാക്കുകൾ നമ്മെ അനുസ്മരിപ്പിക്കുന്നു: “സ്നേഹത്തിനു പകരം അവർ എന്നെ ദ്വേഷിക്കുന്നു. ഞാനോ അവർക്കായി പ്രാർത്ഥിക്കുന്നു” (സങ്കീ 109,4). സഭയ്ക്കും സമൂഹത്തിനും വിശ്വസ്ത കാവലാളായി – ധാർമ്മികതയുടെ ഉറച്ച ശബ്ദമായി – നിലകൊണ്ട ഈ ശ്രേഷ്ഠവ്യക്തിത്വം തന്റെ പേരിനോടുതന്നെ നീതി പുലർത്തിക്കൊണ്ട് നീതിമാനും വിശ്വസ്തദാസനുമായ മാർ യൗസേപ്പുപിതാവിന്റെ തിരുനാളിനോടു ചേർന്ന് നിത്യതയെ പുല്കി എന്നുള്ളത് ഏറെ ശ്രദ്ധേയംതന്നെ. 2007 മാർച്ച് 19 ന് തന്റെ ഔദ്യോഗികപദവിയിൽനിന്നും വിരമിച്ച ഈ കർമ്മയോഗി വീണ്ടും 2023 മാർച്ച് 18 ന് ഈലോകജീവിതത്തിൽനിന്നുതന്നെ വിടവാങ്ങി എന്നതും ദൈവം തന്റെ വിശ്വസ്തദാസനെ നീതിമാന്റെ കിരീടം ചാർത്തി അലങ്കരിച്ചു എന്നതിന്റെ പ്രകടമായ തെളിവാണ്.

അപ്പസ്തോലിക് ഒബ്ലേറ്റ്സ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ചിടത്തോളം സഭയുടെ ശ്ലൈഹികപാരമ്പര്യത്തിന്റെ സൂക്ഷിപ്പുകാരനും പൗരസ്ത്യആദ്ധ്യാത്മികതയുടെ വക്താവുമായിരുന്ന മാർ ജോസഫ് പൗവത്തിലിന്റെ ഇടയനടുത്ത ശുശ്രൂഷയിൽ ഭാഗഭാക്കാകാൻ സാധിച്ചത് വലിയ ദൈവകൃപയായി കരുതുന്നു. 1973 ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ അന്നത്തെ മെത്രാപ്പോലീത്തായായിരുന്ന അഭിവന്ദ്യ മാർ ആന്റണി പടിയറ പിതാവിന്റെ ക്ഷണം സ്വീകരിച്ച് റോമിൽനിന്നുമെത്തിയ അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ സ്ഥാപകപിതാവ്, ദൈവദാസൻ വില്യം ജകഥീന്താ ചങ്ങനാശ്ശേരി അരമനയിൽ താമസിച്ചാണ് അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ ഭവനത്തിനായി സ്ഥലം അന്വേഷിച്ചത്. കോട്ടയത്തിനടുത്തുള്ള മാങ്ങാനത്ത് സ്ഥലംകണ്ടെത്തിയപ്പോൾ അന്ന് ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാനായിരുന്ന അഭിവന്ദ്യ പൗവത്തിൽ പിതാവിന്റെയും, വടവാതൂർ സെമിനാരിയിൽ അദ്ധ്യാപകനായിരുന്ന ബഹു. മാത്യു വെള്ളാനിക്കലച്ചന്റെയും പേരിലാണ് അത് വാങ്ങിയത്.

ജകഥീന്താപിതാവ് കേരളത്തിലെ തന്റെ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ചുമതല ഏല്പിച്ചിരുന്നത് ബഹു. മാത്യു വെള്ളാനിക്കലച്ചനെയാണ്. അച്ചൻ ചങ്ങനാശ്ശേരിയുടെ പ്രോട്ടോ സിഞ്ചെള്ളൂസ് ആയി നിയമിതനായപ്പോൾ സ്പിരിച്ച്വാലിറ്റി സെന്ററിന്റെ ഡയറക്ടർ എന്ന സ്ഥാനം ഒഴിയേണ്ടി വരുന്ന ഒരു സാഹചര്യമുണ്ടായി. എന്നാൽ അവിടെയും അഭിവന്ദ്യ പൗവത്തിൽ പിതാവിന്റെ പ്രത്യേക അനുവാദത്തോടെ ബഹു. മല്പാനച്ചന് വികാരി ജനറാൾ ശുശ്രൂഷയോടൊപ്പം അതു തുടരാൻ കഴിഞ്ഞു. ഇതും ഇൻസ്റ്റിറ്റ്യൂട്ടിനോടുള്ള പൗവത്തിൽപിതാവിന്റെ താല്പര്യം വ്യക്തമാക്കുന്ന മറ്റൊരു സംഭവമാണ്. അങ്ങനെ അപ്പസ്തോലിക് ഒബ്ലേറ്റ്സ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചരിത്രത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച പിതാവിന് അവസാനനാളുകൾവരെ വിശ്വസ്തമായ ഒരു വ്യക്തിബന്ധം ഇൻസ്റ്റിറ്റ്യൂട്ടിനോട് ഉണ്ടായിരുന്നുവെന്നത് നന്ദിയോടെ അനുസ്മരിക്കുന്നു. അദ്ദേഹത്തിന്റെ നല്ലതും സ്വീകാര്യവുമായ ഓർമ്മകൾ എക്കാലവും സഭയെയും സമൂഹത്തെയും വളരെ പ്രത്യേകമായി സീറോ മലബാർ സഭയെയും ശക്തിപ്പെടുത്തട്ടെ എന്ന പ്രാർത്ഥനയോടെ ഇടയശ്രേഷ്ഠന്റെ പ്രോജ്ജ്വലസ്മരണയ്ക്കുമുമ്പിൽ പ്രണാമം!

# എമ്മാവൂസിലേക്ക് ഒരു ആത്മീയയാത്ര



**ഫിലോ കുറ്റിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

രണ്ടുപേർ തിടുക്കത്തിൽ യാത്ര പുറപ്പെടുന്നതുകണ്ട് ഞാൻ ചോദിച്ചു. എങ്ങോട്ടാണ് നിങ്ങൾ പോകുന്നത്. അവർ പറഞ്ഞു. ഞങ്ങൾ എമ്മാവൂസിലേക്കു പോവുകയാണ്. ഞാനും അവരുടെകൂടെ കൂടി. അവർ സങ്കടപ്പെടുകയും പരസ്പരം എന്തൊക്കെയോ പറയുകയും ചെയ്യുന്നുണ്ടായിരുന്നു. അവരുടെ വിഷമം കണ്ടു ഞാൻ ചോദിച്ചു എന്താ നിങ്ങൾ വിഷമിച്ചിരിക്കുന്നത്? എന്തു പറ്റി? ഞാൻ ആകാംക്ഷയോടെ അവരെ നോക്കി. അപ്പോഴേക്കും മറ്റൊരാൾ ഞങ്ങളോടൊപ്പം കൂടി. അത് ഈശോ ആയിരുന്നു എന്നു അവർക്കു മനസ്സിലായില്ല. അവർ വീണ്ടും എന്തൊക്കെയോ പറഞ്ഞുകൊണ്ട് മുന്നോട്ടുനടന്നു. അപ്പോൾ ഈശോ ചോദിച്ചു. നിങ്ങൾ എന്തിനെക്കുറിച്ചാണു സംസാരിക്കുന്നത്? അല്പം ദേഷ്യം വന്നുവെങ്കിലും സൗമ്യമായി അവർ ചോദിച്ചു. ഈ ദിവസങ്ങളിലൊന്നും താങ്കൾ ഇവിടെ ഇല്ലായിരുന്നോ? സംഭവിച്ചതൊന്നും അറിയാത്ത വിജതീയനാണോ? വേഷം കണ്ടിട്ട് ഒരു യഹൂദനാണെന്നു തോന്നുന്നല്ലോ. അവർ തുടർന്നു. നസ്രായനായ ഈശോയെക്കുറിച്ചാണു ഞങ്ങൾ സംസാരിക്കുന്നത്. അദ്ദേഹം വലിയ മനുഷ്യനായിരുന്നു. എത്ര ശക്തമായ പ്രസംഗങ്ങൾ... പഠനങ്ങൾ... അത്ഭുതങ്ങൾ.... നന്മ മാത്രം ചെയ്ത മനുഷ്യൻ. അദ്ദേഹം രാജ്യത്തെക്കുറിച്ചു സംസാരിച്ചപ്പോൾ ഞങ്ങൾ വിചാരിച്ചു ഇസ്രായേലിന്റെ പുതിയ രാജാവായി വരുമെന്ന്. ഞങ്ങളുടെ എല്ലാ പ്രതീക്ഷയും തകർന്നു. പ്രധാനപുരോഹിതന്മാരും നിയമജ്ഞരുമെല്ലാം ചേർന്ന് അവനെ കുരിശിൽ തറച്ചു

കൊന്നു. എല്ലാം കഴിഞ്ഞിട്ടു മൂന്നു ദിവസമായി. ഇപ്പോൾ ഒരനക്കവും ഇല്ല. എല്ലാം തീർന്നു. എന്നാൽ ചില സ്ത്രീകൾ അദ്ദേഹത്തെ കണ്ടു എന്നു പറയുന്നതും കേട്ടു. ഈശോ ചോദിച്ചു: നിങ്ങൾ പ്രവചനങ്ങൾ വായിച്ചിട്ടില്ലേ? മോശ മുതൽ പ്രവാചകന്മാർ വരെ ഈശോയെക്കുറിച്ചു പറഞ്ഞ കാര്യങ്ങൾ അവിടുന്നു വിശദീകരിച്ചു. സമയം സന്ധ്യയായി. അവർ എത്തേണ്ട സ്ഥലത്ത് എത്തി. അപ്പോൾ അവൻ ഞങ്ങളോടു പറഞ്ഞു. രാത്രിയാകാറായി. ഇന്നു ഇവിടെ താമസിക്കാം. അവരുടെ ക്ഷണം സ്വീകരിച്ച് അവരുടെകൂടെ കയറി. അന്നവിടെ തങ്ങാമെന്നു കരുതി. ഭക്ഷണസമയത്ത് അപ്പമെടുത്ത് വാഴ്ത്തി അവർക്കു നൽകി. അപ്പോൾ അവർക്ക് ഉൾക്കാഴ്ച ഉണ്ടായി. ഈശോയെ തിരിച്ചറിയാൻ അവർക്കു കഴിഞ്ഞു. അപ്പോഴേക്കും ഈശോ അവരുടെ മുമ്പിൽനിന്നു മറഞ്ഞു. അവർക്ക് എന്തൊക്കെയോ മനസ്സിലായി. സ്ത്രീകൾ പറഞ്ഞതു വെറുതെ ആയിരുന്നില്ലെന്നും ഈശോ ഉത്ഥാനം ചെയ്തെന്നും അവർക്കു ബോധ്യമായി. അവർ പരസ്പരം പറഞ്ഞു . ഈശോ വചനം വിശദീകരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ? ഇങ്ങോട്ടു വന്നതിനേക്കാൾ വേഗത്തിൽ അവർ ജറുസലേമിലേക്കു തിരിച്ചുനടന്നു. നടന്നതെല്ലാം മറ്റു സഹോദരങ്ങളുമായി പങ്കുവയ്ക്കണമെന്നതായിരുന്നു അവരുടെ ലക്ഷ്യം.

അവരുടെ മാറ്റത്തെക്കുറിച്ചും പിന്നീടുണ്ടായ സംഭവങ്ങളെക്കുറിച്ചുമൊക്കെ ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ ഈശോ എന്നോടു ചോദിച്ചു. നീ എന്തുമാത്രം വചനം വായിച്ചു... പ്രസംഗങ്ങൾ കേട്ടു... എന്നിട്ട് എപ്പോഴെങ്കിലും ഹൃദയം ജ്വലിച്ചോ? അപ്പം മുറിക്കൽ ശുശ്രൂഷയിൽ എന്നുംതന്നെ പങ്കെടുക്കുന്നു. എന്നിട്ട് എന്നെ യഥാർത്ഥത്തിൽ തിരിച്ചറിയുന്നുണ്ടോ? കണ്ണു തുറക്കപ്പെടുന്നുണ്ടോ? ഉള്ളിലേക്കു തിരിഞ്ഞുനോക്ക്... എവിടെയാണ് പാളിച്ചകൾ? അന്നത്തെ അതേ ഈശോതന്നെയാണല്ലോ ഇന്ന് അൾത്താരയിൽ ദിവ്യബലിമദ്ധ്യേ ദിവ്യകാരുണ്യമായി പ്രത്യക്ഷപ്പെടുന്നത്! തന്നെത്തന്നെ മുറിച്ചു വിളമ്പുന്നത്! എന്റെ ഈശോയെ അങ്ങയെ തിരിച്ചറിയുവാനും അനുഗമിക്കുവാനും മറ്റുള്ളവരിലേക്ക് അങ്ങയെ എത്തിക്കുവാനുമുള്ള കൃപ നൽകണമേ.


**STATEMENT ABOUT OWERSHIP AND OTHER PARTICULARS ABOUT NEWSPAPER PRATHEEKSHAYUDE POOMOTTUKAL**

**Form - IV**

| | |
|---|---|
| 1. Place of Publication | : Manganam, Spirituality Centre;<br>Manganam P.O., Kottayam |
| 2. Periodicity of Publication | : Monthly |
| 3. Printer's Name | : Annamma Kulathupurayidom |
| Nationality | : Indian |
| Address | : Spirituality Centre,<br>Manganam P.O., Kottayam-686 018 |
| 4. Publisher's Name | : Annamma Kulathupurayidom |
| Nationality | : Indian |
| Address | : Spirituality Centre,<br>Manganam P.O., Kottayam-686 018 |
| 5. Editor's Name | : Fr. Mathew Vellanickal |
| Nationality | : Indian |
| Address | : Spirituality Centre,<br>Manganam P.O., Kottayam-686 018 |




റവ. ഡോ. തോമസ് കൊട്ടുപ്പള്ളിൽ MCBS

**തി**രുനാളുകളുടെ തിരുനാൾ എന്നാണ് ഉയിർപ്പുതിരുനാൾ അറിയപ്പെടുന്നത്. തിരുസഭയിലെ തിരുനാളുകളിൽ ഉയിർപ്പുതിരുനാളിനുള്ള പ്രാമുഖ്യമാണ് ഈ വിശേഷണത്തിലൂടെ സൂചിപ്പിക്കപ്പെടുന്നത്. മറ്റെല്ലാ തിരുനാളുകളുടെയും അടിസ്ഥാനം മരിച്ചവരുടെ ഇടയിൽനിന്നുള്ള മിശിഹായുടെ ഉത്ഥാനമായതിനാൽ ആദിമസഭ ആചരിച്ചിരുന്ന ഏകതിരുനാൾ ഈശോയുടെ ഉയിർപ്പുതിരുനാളായിരുന്നു.

ഉയിർപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകനായ ഈശോയുടെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്ന അവസരമാണിത്. ഈ വലിയ ആഹ്ലാദത്തിന്റെ പ്രതിഫലനം ഈ കാലഘട്ടത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും നമുക്കു ദർശിക്കുവാൻ സാധിക്കും. ഉയിർപ്പുകാലഘട്ടത്തിലെ പ്രധാന വിചിന്തനവിഷയങ്ങൾ ഈശോമിശിഹായുടെ ഉത്ഥാനം, പാപത്തെയും മരണത്തെയും കീഴ്പ്പെടുത്തി സാത്താന്റെമേൽ ഈശോ വരിച്ച വിജയം, അതുവഴിയായി ഭോഷത്തത്തിന്റെ ചിഹ്നമായിരുന്ന സ്ലീവാ രക്ഷയുടെയും മഹത്ത്വത്തിന്റെയും അടയാളമായി മാറുന്നത്, ഈശോയുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെയും അച്ചാരം, അവിടുത്തെ ഉയിർപ്പ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം എന്നിവയാണ്.

**ഉയിർപ്പുകാലത്തിലെ വിശുദ്ധ ആചരണങ്ങൾ**

ഉയിർപ്പുകാലഘട്ടത്തിലെ ആദ്യ ആഴ്ച "ആഴ്ചകളുടെ ആഴ്ച" എന്നാണറിയപ്പെടുന്നത്. ഉയിർപ്പുതിരുനാളിനോടനുബന്ധിച്ച് മാമോദീസാ സ്വീകരിച്ച് പുതുതായി സഭയിലേക്ക് കടന്നു വരുന്നവരോടു ചേർന്നുള്ള വിശ്വാസാഘോഷത്തിന്റെ ആഴ്ചയാണിത്. പുതുതായി മാമോദീസാ സ്വീകരിച്ച് സഭയിൽ അംഗമായിത്തീർന്നവർ ഈ കാലഘട്ടത്തിൽ പ്രത്യേകമായ വിധത്തിൽ ബഹുമാനിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു.

ഉയിർപ്പുതിരുനാളിനുശേഷമുള്ള ആദ്യഞായർ 'പുതുഞായർ' എന്നാണറിയപ്പെടുന്നത്. നമ്മുടെ പിതാവായ മാർത്തോമാശ്ലീഹാ 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്നുള്ള ഉറച്ച വിശ്വാസപ്രഖ്യാപനത്താൽ ഈശോയുടെ മനുഷ്യത്വവും ദൈവത്വവും ഏറ്റുപറയുന്നതിനെ ഈ തിരുനാൾ അനുസ്മരിക്കുന്നു.

ഉയിർപ്പുതിരുനാളിനുശേഷം വരുന്ന ആദ്യവെള്ളിയാഴ്ച നമ്മുടെ സഭയിൽ സകല വേദ സാക്ഷികളുടെയും തിരുനാളായി (സകലവിശുദ്ധരുടെയും തിരുനാൾ) ആചരിക്കുന്നു. ആദിമ സഭ രക്തസാക്ഷികളെയാണ് വിശുദ്ധരായി വണങ്ങിയിരുന്നത്. ഈശോയുടെ പീഡാനുഭവ ത്തെയും മരണത്തെയും അനുസ്മരിക്കുന്ന പീഡാനുഭവവെള്ളിക്കുശേഷം വരുന്ന വെള്ളിയാഴ്ച വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ചവരെ അനുസ്മരിക്കുന്നത് തികച്ചും അർത്ഥവ ത്താണ്. സ്വർഗത്തിൽ നിത്യസൗഭാഗ്യം അനുഭവിക്കുന്ന സകലവിശുദ്ധരും ഈശോയുടെ ഉയിർപ്പിൽ ആനന്ദിക്കുന്നുവെന്ന വസ്തുത ഈ തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്നു.

ഉയിർപ്പുതിരുനാളിനുശേഷമുള്ള നാൽപതാം ദിവസം അതായത് ആറാം വ്യാഴാഴ്ചയാണ് ഈശോയുടെ മഹത്വപൂർണമായ ഉത്ഥാനത്തിന്റെ പൂർത്തീകരണമായ സ്വർഗാരോഹണതിരു നാൾ നാം ആഘോഷിക്കുന്നത്. കുരിശുമരണത്തോളം അനുസരണമുള്ളവനായി തന്നെത്തന്നെ ശൂന്യനാക്കിയ ഈശോ പിതാവായ ദൈവത്തിന്റെ വലത്തുവശത്ത് ഉപവിഷ്ടനായിരിക്കുന്ന തിനെ ഈ തിരുനാൾ അനുസ്മരിപ്പിക്കുന്നു. സ്വർഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് ഇടം കണ്ടെത്തേണ്ടവരാണ് ഓരോ വിശ്വാസിയും എന്ന സത്യം ഈ തിരുനാൾ നമ്മെ ഓർമ്മപ്പെടു ത്തുന്നു.


ഉയിർപ്പുകാലം അഞ്ചാം ഞായറാഴ്ച മാർത്തോമാ ശ്ലീഹായുടെ എഴുപതു ശിഷ്യരിൽ ഒരുവനായ മാർ അദ്ദായിയുടെ തിരുനാൾ സഭ ആഘോഷിക്കുന്നു. പൗരസ്ത്യസുറിയാനി കുർബാ നക്രമത്തിലെ ഒന്നാമത്തെ അനാഫൊറ മാർ അദ്ദായിയുടെയും മാർ മാറിയുടെയും പേരിലുള്ള താണെന്നുള്ള വസ്തുത നമുക്ക് വിസ്മരിക്കാതിരിക്കാം.

**ഉയിർപ്പുതിരുനാളും മാമോദീസായും**

ആദിമസഭയിൽ മാമോദീസാ പരികർമ്മം ചെയ്തിരുന്നത് ഉയിർപ്പുതിരുനാളിനോട് അനു ബന്ധിച്ചായിരുന്നു. പൗലോസ്ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനം 6,4-5 വാക്യങ്ങൾ ഇവിടെ പ്രസക്തമാണ്. "അവന്റെ മരണത്തോട് നമ്മെ ഐക്യപ്പെടുത്തിയ മാമോദീസായാൽ നാം അവ നോടൊത്ത് സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവൻ നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്കരിക്കപ്പെട്ടത്". മാമോദീസാ സ്വീകരിക്കുന്നവർ ഈശോയുടെ മരണത്തിലും ഉത്ഥാന ത്തിലും പങ്കാളികളായിത്തീരുന്നു. അവർ പാപത്തിനു മരിച്ച് ഈശോമിശിഹായിൽ പുതിയ സൃഷ്ടികളുമായിത്തീരുന്നു. മാമോദീസാ സമയത്ത് വെള്ളത്തിൽ മുങ്ങിപ്പൊങ്ങുന്നത് പുതുജീ വിതത്തിലേക്കു കടന്നതിന്റെയും, പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി കൃപയുടെ പുതുവസ്ത്രമണിയുന്ന പുതിയ മനുഷ്യരായി രൂപാന്തരപ്പെടുന്നതിന്റെ സൂചനയാണ്. ഉയിർപ്പു കാലം നമ്മുടെ മാമോദീസായെക്കുറിച്ച് ചിന്തിക്കുവാനും, മാമോദീസാ വ്രതങ്ങൾ നവീകരിക്കാ നുള്ള പ്രത്യേക അവസരവുമാണ്.

**ഉയിർപ്പുതിരുനാളും മാർതോമാ സ്ലീവായും**

ഈശോയുടെ ഉത്ഥാനത്തെ വളരെ അർത്ഥസമ്പുഷ്ടമായി സൂചിപ്പിക്കുന്ന പ്രതീകമാണ് മാർതോമാസ്ലീവാ. ഈശോയുടെ മരണവും ഉയിർപ്പും ഒന്നിച്ചുകാണേണ്ട യാഥാർത്ഥ്യങ്ങളാണ്. മരണമില്ലാതെ ഉയിർപ്പില്ല. ഉയിർപ്പില്ലാതെ മരണത്തിന് അർത്ഥവും ലഭിക്കുന്നില്ല. ഇത്തരുണത്തിൽ ഈശോയുടെ മരണത്തെയും ഉയിർപ്പിനെയും ഒന്നിച്ചു സൂചിപ്പിക്കുന്നതാണ് മാർതോമാസ്ലീവാ. സ്ലീവാ ഈശോയെത്തന്നെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ടാണ് മാർ സ്ലീവാ എന്നു നാം അതിനെ വിശേഷിപ്പിക്കുന്നതും, വിളിക്കുന്നതും. കർത്താവിന്റെ ശരീരമില്ലാത്ത കുരിശ്, ശൂന്യമായ കല്ലറപോലെതന്നെ ഈശോയുടെ ഉത്ഥാനത്തിന്റെയും പ്രതീകമാണ്. മാർത്തോമാസ്ലീവായിലെ പൂമൊട്ടുപോലുള്ള അഗ്രങ്ങൾ പുതുജീവന്റെയും സന്തോഷത്തിന്റെയും പ്രതീകമാണ്. പ്രാവിന്റെ രൂപത്തിൽ പറന്നിറങ്ങുന്ന പരിശുദ്ധ റൂഹാ ഈശോയുടെ ഉയിർപ്പ് ദൈവാത്മാവിന്റെ പ്രവർത്തനമാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. ചുരുക്കത്തിൽ അലംകൃതമായ മാർത്തോമാസ്ലീവാ കുരിശിലെ പീഡകൾ സഹിച്ച് മഹത്ത്വത്തിലേക്ക് കരേറിയ മിശിഹായെ പ്രതീകവത്ക്കരിക്കുന്നു.




**ഉയിർപ്പ് ആത്മീയ ആനന്ദത്തിന്റെ കാലഘട്ടം**

ഈശോയുടെ ഉയിർപ്പുമുതൽ പന്തക്കുസ്താവരെയുള്ള കാലഘട്ടം സഭയിൽ വലിയ സന്തോഷത്തിന്റെ അവസരമാണ്. പാപത്തിന്റെയും മരണത്തിന്റേയുംമേൽ വിജയംനേടി സാത്താനെ പരാജയപ്പെടുത്തി ഉയിർത്തെഴുന്നേറ്റ ഈശോയാണ് ഈ സന്തോഷത്തിന്റെ നിദാനം. ഈ പുതുജീവനിൽ മിശിഹായോടെ ചേർന്നു പങ്കുപറ്റുന്നവരിൽ ആത്മീയമായ ആനന്ദവും സന്തോഷവും എന്നും നിലനിൽക്കും. അത് സ്വർഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് നമുക്ക് ഉറപ്പുള്ള ഒരു ഇടം ഒരുക്കിത്തരും. അതിനാൽ ഉത്ഥിതനായ ഈശോയെ കണ്ടപ്പോൾ വിസ്മയത്തോടും, വലിയ സന്തോഷത്തോടും അതിലേറെ വിശ്വാസത്തോടുംകൂടെ നമ്മുടെ പിതാവായ മാർതോമാശ്ലീഹാ ഏറ്റുപറഞ്ഞപോലെ നമുക്കോരോരുത്തർക്കും വ്യക്തിപരമായ ആനന്ദത്തോടെ കർത്താവിനെ വിളിക്കാം "എന്റെ കർത്താവേ എന്റെ ദൈവമേ".

# സർവ്വാധിനാഥൻ

**അനിത ആത്രശ്ശേരിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

സർവ്വാധിനാഥൻ താതൻപിതാവിന്റെ
പ്രീതിയിൽ ഭൂതലെ ജീവിച്ചവൻ
മാറുപിളർന്നവൻ മാനവമക്കളെ
ചേർത്തുപിടിച്ചെന്നും ജീവനേകാൻ
പ്രാണൻവെടിഞ്ഞും തൻതാത ചിത്തത്തെ
പൂർണ്ണമായ് പാലിച്ചവൻ പ്രീതിയിൽ
മന്നിന്റെ മാലുകളേറ്റെടുത്തു-സ്വന്ത
രക്തശരീരങ്ങൾ ഭാഗീച്ചേകി
ഊഴിയിൽ ജീവൻ വെടിഞ്ഞാലുമുന്നത
താതന്റെ സ്വന്തമാം ഏകജാതൻ
മൂന്നുനാൾ മന്നിന്റെ ശാപമകറ്റുവാൻ
ഭൂമിക്കടിയിലവൻ വസിച്ചു.
മൃത്യു വരിച്ചവൻ കാത്തുവസിച്ചതാം
പാതാളവാതിലവൻ തുറന്നു
ജീവന്റെ നാദം ശ്രവിച്ചവൻ-ആനന്ദ-
വായ്പോടെ നാഥനെ വാഴ്ത്തിപ്പാടി
കല്ലറയിരുളിലടച്ചും വൻ കാവലും
ഏർപ്പെടുത്തി വൃഥാ മൂഢരായി
പാപവും പാപം പകർന്ന കടങ്ങളും
കറയും കളങ്കവും ദൂരെയാക്കി
മൂന്നാം നാളുത്ഥിതനായി പിതാവിന്റെ
ഹിതമതും ഭൂമിയിൽ പൂർത്തിയാക്കി
തൻപ്രിയ മക്കളെ തന്നോടു ചേർത്തവൻ
താത സവിധത്തിലെത്തിക്കുവാൻ
പാപത്തിൻ ക്രൂരത പാടെ തകർത്തവൻ
ജീവന്റെ പാഥേയമായിടുന്നു-
നിത്യസഹായക പാവനാത്മാവിനെ
നിർലോഭമേകുന്നവൻ ഹിതംപോൽ
കർത്താവും ദൈവവുമാകുമെന്നീശോയെ
കരതാരിൽ ഞങ്ങളെ കാത്തീടണേ
പാവനമാനസരായിടുവാനെന്നും
പാരിതിലുത്ഥാന സാക്ഷ്യം പകരാനും
ആണിപ്പഴുതുള്ള കൈയ്യാലെ നിത്യവും
ആശീർവ്വദിക്കണേ കാത്തുനയിക്കണേ.



# നല്ല മനസ്സ് രൂപപ്പെടുത്തുക

**സുജ ചോതിരക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**യു**വത്വത്തിൽ നമുക്കെന്തിനോടും ആവേശമാണ്, ലക്ഷ്യപ്രാപ്തിക്കായി എന്തും ചെയ്യുവാൻ നാം തയ്യാറാണ്. യഥാർത്ഥത്തിൽ യുവത്വത്തിലാണ് വിശുദ്ധരായി തീരുവാൻ എളുപ്പം. പ്രായത്തിൽ മുന്നോട്ടുപോകുന്തോറും നമ്മിലെ തിന്മയുടെ വശങ്ങളെ ഇല്ലായ്മ ചെയ്യുക, അതിജീവിക്കുക എന്നൊക്കെ പറയുന്നത് കൂടുതൽ പ്രയാസമായി വരും. ചില തഴക്കങ്ങളും രീതികളും പ്രവണതകളും പ്രായമാകുന്തോറും മാറ്റാൻ പറ്റാത്തവയായി ജീവിതത്തിൽ അലിഞ്ഞുചേരുന്നു എന്നത് സത്യംതന്നെ. അതോടൊപ്പം ഒരു കാര്യം നാം ഓർമ്മിക്കണം, നമ്മെ എല്ലാവരെയും ദൈവം യുവത്വത്തിലേതന്നെ മരണം എന്ന കവാടത്തിലൂടെ കടത്തിവിടുകയില്ല എന്നത്.

യുവത്വത്തിന്റെ ആവേശം മനോഹരമായ റോസാപുഷ്പം വിടർന്ന് ഇതളുകൾ കൊഴിയുന്നതു പോലെയാണ്. മനോഹരമായ റോസാപുഷ്പം സുഗന്ധം പരത്തി വിടരുന്നു. ഒന്നു രണ്ടു ദിവസങ്ങൾക്കൊണ്ട് അതിന്റെ ഇതളുകൾ ഓരോന്നായി കൊഴിഞ്ഞു മുഴുവൻ നശിച്ചുപോകുന്നു. ഇതുപോലെ ആവേശവും യുവത്വത്തോടുകൂടി ഇല്ലാതാകുന്നു. കാലം കഴിയുന്തോറും അതിനുമങ്ങലേല്ക്കുന്നു. ക്രമേണ ഇല്ലാതാകുന്നു. സമർപ്പണജീവിതത്തിലേക്കും കുടുംബജീവിതത്തിലേക്കുമൊക്കെ നാം പ്രവേശിച്ചത് എത്രയോ തീക്ഷ്ണതയോടുകൂടിയായിരുന്നു. എന്നാൽ വർഷങ്ങൾ കഴിയുമ്പോൾ എന്താണ് സംഭവിക്കുക... ആരംഭത്തിലെ തീക്ഷ്ണതയും ആവേശവും എല്ലാം എവിടെ പോയി...

പ്രായം മുന്നോട്ടുപോകുന്തോറും നാം മനസ്സിലാക്കുക, ജീവിതത്തിലെ വസന്തകാലം കടന്നുപോയി, ഇനിയും വേനലും ശൈത്യവും ഒക്കെയാണ് നാം നേരിടേണ്ടത് എന്ന്. അതുകൊണ്ട് യുവത്വത്തിലേതന്നെ നാം നമ്മുടെ മനസ്സിനെ രൂപീകരിച്ചെടുക്കുക. നമ്മുടെ രൂപീകരണത്തെ ഒരു മരത്തിന്റെ വളർച്ചയോട് സാദൃശ്യപ്പെടുത്താം എന്ന് ദൈവദാസൻ വില്യം ജക്വീന്താ പിതാവ് പറയുന്നുണ്ട്. മരം ചെറുതായിരിക്കുമ്പോൾ അത് തഴച്ചു വളരുന്നു; വേനൽക്കാലത്ത് ഇലകൾ പൊഴിയുകയില്ല. എന്നാൽ വളർച്ച പ്രാപിച്ച മരം വേനൽക്കാലത്ത് ഇലപൊഴിക്കുന്നു. കാരണം വേനലിനെ തരണം ചെയ്ത് പുതിയ ഇലകൾക്ക് ജന്മം കൊടുക്കുവാൻ ഇലകൾ പൊഴിച്ചേ പറ്റൂ. എന്നാൽ ചെറുമരത്തിന് ഇലപൊഴിക്കേണ്ട ആവശ്യമില്ല. അല്ലാതെതന്നെ വേനലിനെ നേരിടാൻ കരുത്തുറ്റവയാണ് അവ. പ്രായമായ മരം വേനലിനെയും, ശൈത്യത്തെയും നേരിടുന്നതിന് നേരത്തെ മുൻകരുതലുകൾ എടുക്കുന്നു. ഇതുപോലെയുള്ള മുൻകരുതലുകൾ നമ്മുടെ ജീവിതത്തിനും ആവശ്യമാണ്. നമ്മുടെയൊക്കെ രൂപീകരണത്തിന് പ്രത്യേകമായ കാലഘട്ടങ്ങൾ ഉണ്ട് എന്നത് ശരിയാണ്. യുവത്വത്തിൽ മനസ്സിന്റെ രൂപീകരണം സാധിച്ചില്ല എങ്കിൽ പിന്നെ സാധിക്കയില്ല എന്ന് കരുതി പരിശ്രമം നിർത്തിവയ്ക്കരുത്. ഇന്നലെ എനിക്ക് ചെയ്യാൻ സാധിക്കാതെ പോയതോ, തുടങ്ങിയിട്ട് പൂർത്തിയാക്കാൻ സാധിക്കാതെ പോയതോ, അല്ലെങ്കിൽ പിന്നത്തേക്കായി മാറ്റിവച്ചതോ ആയ കാര്യങ്ങൾ ഇന്ന് ചെയ്യുവാനുള്ള പരിശുദ്ധമായ ഒരു കടപ്പാട് എനിക്കുണ്ട് എന്ന കാര്യം വിസ്മരിക്കരുത്.

ജീവിതത്തിന്റെ എല്ലാ കാലഘട്ടത്തിലും മനസ്സിന്റെ രൂപീകരണം നടക്കുന്നുണ്ട്. എന്നിരുന്നാലും നാല്പതു വയസ്സുമുതൽ അറുപതു വയസ്സ് വരെയുള്ള പ്രായം ജീവിതത്തിലെ ഏറ്റവും പ്രതിസന്ധിയുടെയും ബുദ്ധിമുട്ടിന്റേതുമായ ഒരു കാലഘട്ടമാണ്. ഈ കാലഘട്ടത്തിൽ പിശാച് ചങ്ങലയുമായി ഇറങ്ങും. മനുഷ്യപ്രകൃതി അതിന്റേതായ ആവശ്യങ്ങൾ ശക്തമായി ഉന്നയിച്ചു തുടങ്ങും. എളിമപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രലോഭനങ്ങൾ കർത്താവ് അനുവദിക്കും. ഇവയെല്ലാം നേരിടുന്നതിന് ശക്തിയേറിയ മനസ്സ് കൂടിയേ തീരൂ. ഇന്ന് നാം അനുഭവിക്കുന്ന പ്രശ്നങ്ങൾ അധികവും കഴിവുകേടിന്റെയും ഈടുറ്റ മനഃശക്തിയില്ലായ്മയുടെയും പരിണിതഫലങ്ങളാണ്. അതായത് ദൈവതിരുമുമ്പാകെയെടുത്ത പ്രതിജ്ഞകളിൽ വിശ്വസ്തതയോടെ നിലനിൽക്കുവാൻ സാധിക്കാതെ വരുന്നതും, നമ്മുടെ ജീവിത സാഹചര്യങ്ങളിൽ സ്ഥിരോത്സാഹം ഇല്ലാതെ ജീവിതം താറുമാറാകുന്നതുമെല്ലാം.

തീക്ഷ്ണതയും ഉത്സാഹവുമെല്ലാം കാലം മുന്നോട്ടുപോകുന്തോറും മങ്ങിത്തുടങ്ങും. വർഷങ്ങൾ മുന്നോട്ടുപോകുന്തോറും നമ്മുടെ ശരീരികആദ്ധ്യാത്മിക അവസ്ഥയുടെ തീക്ഷ്ണതയ്ക്ക് ശോഷണം സംഭവിക്കും. ഇവിടെ വർഷങ്ങളിലൂടെ വളർത്തിയെടുത്ത ശക്തിയേറിയ ഒരു നല്ല മനസ്സ് ഇല്ലെങ്കിൽ എല്ലാം നശിക്കും. അതുകൊണ്ട് നല്ല ഒരു മനസ്സിനെ രൂപപ്പെടുത്തിയെടുക്കാൻ ഓരോ നിമിഷവും നമുക്കു പരിശ്രമിക്കാം.

*“നമ്മിൽ ഓരോരുത്തരും ദൈവത്തിന്റെ ഒരു ചിന്തയുടെ ഫലമാണ്. നമ്മിൽ ഓരോരുത്തരും ആഗ്രഹിക്കപ്പെട്ടവരാണ്. നമ്മിൽ ഓരോരുത്തരും സ്നേഹിക്കപ്പെട്ടവരാണ്. നമ്മിൽ ഓരോരുത്തരും അത്യാവശ്യവുമാണ്”*

*ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ*




അങ്ങേയ്ക്ക് സ്തുതി - 2

# അസ്സീസിയിലെ വി. ഫ്രാൻസിസ്

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**


**ഈ** ചാക്രികലേഖനത്തിന്റെ ആമുഖത്തിൽത്തന്നെ പരിശുദ്ധപിതാവിനെ ഏറെ സ്വാധീനിച്ച അസ്സീസിലെ വിശുദ്ധ ഫ്രാൻസിസിനെക്കുറിച്ച് പാപ്പാ പരാമർശിക്കുന്നുണ്ട്. റോമിന്റെ മെത്രാനായി പാപ്പായെ തിരഞ്ഞെടുത്തപ്പോൾ അദ്ദേഹം തന്റെ മാർഗദർശിയും പ്രചോദനവുമായി സ്വീകരിച്ചത് വി. ഫ്രാൻസിസ് അസ്സീസിയെയാണ്. കാരണം ഏറ്റവും ദുർബലരായവരെക്കുറിച്ചുള്ള കരുതലിന്റെയും, സന്തോഷത്തോടെയും ആധികാരികമായും ജീവിക്കുന്ന ഒരു സമഗ്രപാരിസ്ഥിതികതയുടെയും (Integral Ecology) ഉത്തമ ഉദാഹരണമാണ് അസ്സീസിയിലെ വി. ഫ്രാൻസിസ്.

പരിസ്ഥിതിവിജ്ഞാനീയത്തിന്റെ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനാണ് വി.ഫ്രാൻസിസ് അസ്സീസി. ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ചും ദരിദ്രരെക്കുറിച്ചും ബഹിഷ്കൃതരെക്കുറിച്ചും കരുതലുണ്ടായിരുന്ന അസ്സീസിയെ അക്രൈസ്തവർപോലും ഏറെ സ്നേഹിച്ചാദരിച്ചിരുന്നു. ദൈവവുമായും മറ്റുള്ളവരുമായും തന്നോടുതന്നെയും പ്രകൃതിയുമായും സ്വരൈക്യത്തിൽ ജീവിച്ച ഒരു മിസ്റ്റിക്കാണ് അദ്ദേഹം. സർവ്വസൃഷ്ടികളോടുമുള്ള കൂട്ടായ്മയിൽ വസിച്ച വ്യക്തിയാണ് ഫ്രാൻസിസ്. തനിക്കുചുറ്റുമുള്ള ലോകത്തോടുള്ള അദ്ദേഹത്തിന്റെ പ്രതികരണം ബൗദ്ധിക ആസ്വാദനത്തിനും ഉപരിയായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഓരോ ജീവിയും തന്നോട് ഐക്യപ്പെട്ട ഒരു സഹോദരിയായിരുന്നു. അസ്തിത്വമുള്ള എല്ലാറ്റിനെയും ശുശ്രൂഷിക്കുവാൻ വിളിക്കപ്പെട്ട ഒരു വ്യക്തിയായാണ് അദ്ദേഹത്തിന് തന്നെക്കുറിച്ചുതന്നെ തോന്നിയത്. അതിനാൽത്തന്നെ എത്ര ചെറുതായിരുന്നാലും സകല ജീവികളെയും അദ്ദേഹം "സഹോദരാ" അല്ലെങ്കിൽ "സഹോദരി" എന്നാണ് വിളിച്ചിരുന്നത്.

അസ്തിത്വമുള്ള എല്ലാറ്റിനോടും ഗാഢമായ ബന്ധം പുലർത്തിയിരുന്ന ഫ്രാൻസിസ് പ്രകൃതിയെ തുറവോടുകൂടെ കാണുകയും സാഹോദര്യത്തിന്റെ ഭാഷയിൽ അവയോട് ഇട

പെടുകയും ചെയ്തു. എല്ലായ്പ്പോഴും സംയമനവും കരുതലും എല്ലാറ്റിനോടുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ദാരിദ്ര്യവും വിരക്തിയും സന്ന്യാസത്തിന്റെ യഥാർത്ഥ സ്വഭാവത്തെ വിളിച്ചറിയിക്കുന്ന ഒന്നായിരുന്നു.

വിശുദ്ധ ഫ്രാൻസിസിന്റെ കാഴ്ചപ്പാടിൽ "ദൈവം നമ്മോട് സംസാരിക്കുകയും തന്റെ അനന്തസൗന്ദര്യത്തിന്റെയും നന്മയുടെയും ഒരു ദൃശ്യം നമുക്ക് അനുവദിക്കുകയും ചെയ്യുന്ന അതിഗംഭീരമായ ഒരു പുസ്തകമാണ്" പ്രകൃതി. "സൃഷ്ടികളുടെ ശക്തിസൗന്ദര്യങ്ങളിൽനിന്ന് അവയുടെ സ്രഷ്ടാവിന്റെ ശക്തിസൗന്ദര്യങ്ങളെക്കുറിച്ച് അറിയാം" (ജ്ഞാനം 13,5). വി. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ "ലോകസൃഷ്ടിമുതൽ ദൈവത്തിന്റെ അനന്തശക്തിയും ദൈവത്വവും സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി വെളിവാക്കപ്പെട്ടിട്ടുണ്ട്" (റോമാ 1,20). ഇക്കാരണത്താലാണ് വി. ഫ്രാൻസിസ് പറയുന്നത്; കാട്ടുപൂക്കളും ഔഷധസസ്യങ്ങളും കാണുന്നവർ അവയുടെ സൗന്ദര്യത്തിൽനിന്നും സ്രഷ്ടാവായ ദൈവത്തിങ്കലേക്ക് തങ്ങളുടെ മനസ്സ് ഉയർത്തണം എന്ന്.



വി. ഫ്രാൻസിസ് അസ്സീസിയുടെ കാഴ്ചപ്പാടുകളെ അനുസ്മരിച്ച ശേഷം ഫ്രാൻസിസ് മാർപാപ്പാ എല്ലാവരോടുമായി ഒരു ആഹ്വാനം നടത്തുന്നുണ്ട്. നമ്മുടെ പൊതുഭവനത്തെ (Common home) സംരക്ഷിക്കുന്നതിനുവേണ്ടി സുസ്ഥിരവും സമഗ്രവുമായ ഒരു വികസനം (sustainable and integral development) ലക്ഷ്യം വച്ചുകൊണ്ട് മനുഷ്യകുടുംബമൊന്നാകെ വരേണ്ടതുണ്ട്. പൊതുഭവനത്തെ കെട്ടി

പ്പടുക്കുന്നത് ഒരുമിച്ചു പ്രവർത്തിക്കാനുള്ള കഴിവ് മനുഷ്യരാശിക്ക് ഇപ്പോഴുമുണ്ട്. നാം പങ്കുവയ്ക്കുന്ന ഭവനത്തിന്റെ സംരക്ഷണം ഉറപ്പാക്കുവാൻ പരിശ്രമിക്കുന്നവർ, അതിനായി പ്രോത്സാഹിപ്പിക്കുന്നവർ ധാരാളമുണ്ട്. അവർ അത് ഇനിയും തുടരേണ്ടതുണ്ട്.

പൊതുഭവനത്തെ സംരക്ഷിക്കാനുള്ള യാത്രയിൽ അടിയന്തരമായി വേണ്ടത് ഒരു സംവാദമാണ് (dialogue). ഇന്നത്തെ പാരസ്ഥിതികപ്രശ്നങ്ങളും വെല്ലുവിളികളുമെല്ലാം നമ്മെ ഉത്കണ്ഠാകുലരാക്കേണ്ടതുണ്ട്. പരിസ്ഥിതിയെ സംരക്ഷിക്കുവാൻ ധാരാളം പ്രസ്ഥാനങ്ങൾ രൂപംകൊണ്ടിട്ടുണ്ട്. എങ്കിലും അലംഭാവവും ഉദാസീനതയും വെടിഞ്ഞ് എല്ലാവരും സാർവ്വത്രിക സാഹോദര്യത്തെ ലക്ഷ്യം വച്ചുകൊണ്ട് നീങ്ങേണ്ടതുണ്ട്. പുതിയ ഒരു സാർവ്വത്രിക സാഹോദര്യം (univesal solidarity) ഇന്ന് ആവശ്യകമായിട്ടുണ്ട്. ദൈവത്തിന്റെ സൃഷ്ടിയായ പ്രകൃതിയെ മനുഷ്യൻ ദുരുപയോഗിച്ചതുമൂലമുണ്ടായ തകർച്ച പരിഹരിക്കുവാൻ ഓരോ വ്യക്തിയും സ്വന്തം സംസ്കാരവും കഴിവും പങ്കാളിത്തവും അനുഭവവും അനുസരിച്ച് ദൈവത്തിന്റെ ഉപകരണങ്ങളായി പ്രവർത്തിക്കുകയും സഹകരിക്കുകയും വേണം.

മേൽപ്പറഞ്ഞ ദർശനം എല്ലാവരിലും രൂപപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ചാക്രികലേഖനം ഫ്രാൻസിസ് മാർപാപ്പ രചിക്കുന്നതുതന്നെ. നാം നേരിടുന്ന വെല്ലുവിളിയുടെ അടിയന്തരസ്വഭാവം മനസ്സിലാക്കി ഇടപെടുവാനും, പരിസ്ഥിതിയോട് ഈ ലോകത്തിൽ മനുഷ്യവ്യക്തികൾ എന്ന നിലയിലുള്ള നമ്മുടെ തനതായ സ്ഥാനത്തെയും ചുറ്റുപാടുകളോടുള്ള നമ്മുടെ ബന്ധത്തെ ആദരിക്കുന്ന ഒരു സമീപനം രൂപപ്പെടുത്തുവാനും ഈ ലേഖനം എല്ലാവരെയും സഹായിക്കുമെന്നതാണ് പാപ്പായുടെ പ്രത്യാശ. വീണ്ടും വീണ്ടും ചിന്തിക്കേണ്ടതും ഇപ്പോൾ കാര്യഗൗരവത്തിൽ എടുക്കേണ്ടതുമായ ധാരാളം വിഷയങ്ങളെക്കുറിച്ച് ഈ കത്തിൽ ഫ്രാൻസിസ് മാർപാപ്പ പ്രതിപാദിക്കുന്നു: ലോകത്തിൽ എല്ലാം പരസ്പരബന്ധിതമാണ് എന്ന ബോധ്യം, ഓരോ സൃഷ്ടിക്കും തനതായ മൂല്യം, പാരസ്ഥിതികതയുടെ മാനവിക അർത്ഥം, സത്യസന്ധമായ സംവാദത്തിന്റെ ആവശ്യകത, സാങ്കേതികവിദ്യയിൽ നിന്നുടലെടുക്കുന്ന പുതിയ ചിന്തകൾക്കു നേരേയുള്ള വിമർശനം.

***"തന്റെ മഹത്ത്വത്തിലേക്കും ഔന്നത്യത്തിലേക്കും നമ്മെ വിളിച്ചവനെക്കുറിച്ചുള്ള പൂർണമായ അറിവിലൂടെ, നമ്മുടെ ജീവിതത്തിനും ഭക്തിക്കും ആവശ്യമായവയെല്ലാം അവന്റെ ദൈവികശക്തി നമുക്കു പ്രദാനം ചെയ്തിരിക്കുന്നു. ദുരാശമൂലം ലോകത്തിലുണ്ടാകുന്ന വിനാശത്തിൽനിന്നു രക്ഷപെട്ട് ദൈവികസ്വഭാവത്തിൽ നിങ്ങൾ പങ്കുകാരാകുന്നതിന് തന്റെ മഹത്ത്വവും ഔന്നത്യവുംവഴി അവിടന്ന് നിങ്ങൾക്ക് അമൂല്യവും ശ്രേഷ്ഠവുമായ വാഗ്ദാനങ്ങൾ നല്കിയിരിക്കുന്നു"***

(2 പത്രോ 1,3)

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ ഉയിർപ്പുകാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ഉയിർപ്പുഞായറിനുശേഷംവരുന്ന വെള്ളിയാഴ്ചയാണ് നമ്മുടെ സഭയിൽ സകലവിശുദ്ധരുടെ തിരുനാൾ ആഘോഷിക്കുന്നത്. സുറിയാനിസഭയിൽ അന്നത്തെ പാത്രിയാർക്കീസ് ശെമയോൻ ബർസബ്ബായും അനേകം ക്രൈസ്തവരും രക്തസാക്ഷിത്വം വരിച്ച സംഭവമാണ് ഇതിനിടയായിത്തീർന്നത്. അതൊരു ദുഃഖവെള്ളിയാഴ്ചയായിരുന്നു. അതുകൊണ്ട് ഇവരുടെ ഓർമ്മ ഉയിർപ്പിനുശേഷമുള്ള വെള്ളിയാഴ്ച ആചരിക്കുവാൻ തുടങ്ങി. വിശ്വാസം വീരോചിതമായി ജീവിക്കുന്നവരുടെ ഓർമ്മയാചരണദിനം സകല വിശുദ്ധരുടെ തിരുനാളായി സഭാപാരമ്പര്യത്തിൽ രൂപപ്പെട്ടു. വിശ്വാസികളുടെ സമൂഹമെന്നനിലയിൽ ദൈവസ്നേഹത്തിലും പരസ്പരസ്നേഹത്തിലും വീരോചിതമായി ജീവിക്കുന്നതാണല്ലോ വിശുദ്ധി. സഭയിൽ എല്ലാവരും വിശുദ്ധരായവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണ്. ആ വിധത്തിൽ ജീവിക്കുവാൻ സഭാംഗങ്ങളെ ബോധവത്ക്കരിച്ചുകൊണ്ട് അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ നമുക്കു പരിശ്രമിക്കാം.

പ്രാർത്ഥനാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**സ്ഥാപകഡയറക്ടർ**

## വാർത്തകൾ

ഇന്ത്യൻ നേഷനിലെ അപ്പസ്തോലിക് സൊദാലെസിന്റെ മീറ്റിംഗ് 2023 മാർച്ച് 13-14 തീയതികളിൽ മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച് നടക്കുകയുണ്ടായി. നാഷണൽ മേജർ ഫാദർ ബഹു. തോമസ് തെക്കേമുറിയച്ചൻ അന്നത്തെ ധ്യാനവിചിന്തനങ്ങൾ നടത്തി. എല്ലാവരും പ്രാർത്ഥനയിലും പരസ്പരപങ്കുവയ്ക്കലിലും പങ്കുചേർന്നു. സ്ഥാപകഡയറക്ടർ ബഹു. മാത്യു വെള്ളാനിക്കലച്ചന്റെ 63-ാം പൗരോഹിത്യവാർഷികസ്മരണയ്ക്കായി പ്രസിദ്ധീകരിക്കപ്പെട്ട "പൗലോസ്ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനം" എന്ന ആത്മീയവാഖ്യാനഗ്രന്ഥം മിഷനറി ഓറിയെന്റേഷൻ സെന്ററിന്റെ (MOC) പ്രിൻസിപ്പൽ ബഹു. ഡോ. ഷിജി കറുകയിൽ പ്രകാശനം ചെയ്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# തെറ്റുപറ്റിയത് ആർക്ക്?

റെനി പുത്തേട്ട്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**നി**തിൻ ജോസഫ് എന്ന ഒമ്പതാം ക്ലാസുകാരൻ, ഭയം നിറഞ്ഞ കണ്ണുകളും, ഉത്കണ്ഠ വിളിച്ചോതുന്ന മുഖവും, വർദ്ധിച്ച ഹൃദയഭാരവുമായിട്ടാണ് എന്റെ അടുത്തേക്ക് വന്നത്. ഒരു മുന്തിയ സ്കൂളിൽ ഐ സി എസ് ഇ സിലബസിൽ പഠിക്കുന്ന ഈ കുട്ടിക്ക് ഒരു കൗൺസിലിംഗ് നടത്തണമെന്ന് അവന്റെ അമ്മ തന്നെയാണ് എന്നോട് ആവശ്യപ്പെട്ടത്. അവന്റെ സ്കൂൾ കൗൺസലിംഗ് സെന്ററിന്റെ അടുത്തായിരുന്നതിനാൽ നിതിൻ തനിച്ചാണ് എന്റെ അടുത്ത് എത്തിയത്.

ഞങ്ങൾ തമ്മിലുള്ള സംസാരം കാര്യത്തിലേക്ക് കടക്കാൻ അധികം സമയം വേണ്ടിവന്നില്ല. കാരണം, അവൻ തന്റെ ഉള്ള് തുറന്നുവയ്ക്കാൻ വെമ്പിയാണ് കടന്നുവന്നത്. സംസാരിച്ചു തുടങ്ങിയപ്പോൾ തന്നെ അവന്റെ ചുണ്ടുകൾ വിറയ്ക്കുന്നതും, കണ്ണുകൾ നനഞ്ഞു വരുന്നതും കുറ്റബോധത്താൽ തല മെല്ലെ കുനിയുന്നതും ഞാൻ ശ്രദ്ധിച്ചിരുന്നു. വാത്സല്യത്തോടെയും ഏറെ ശ്രദ്ധയോടെയും അനുകമ്പാർദ്രമായ ഒരു മനസ്സിലാക്കലോടെയും നിതിനെ ഞാൻ ശ്രവിച്ചു. അവൻ തനിക്ക് പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ കാർമേഘം നീങ്ങി മഴ പെയ്തു തോർന്ന ആകാശംപോലെ തോന്നിയ ആ മുഖത്തെ ഭാവവ്യത്യാസം വളരെ ശ്രദ്ധേയമായിരുന്നു.

ചുരുക്കി പറഞ്ഞാൽ നിതിൻ അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോൾ കൂട്ടുകാരന്റെ പ്രേരണയാൽ ബ്ലൂ ഫിലിം കാണാൻ തുടങ്ങി. അന്നൊക്കെ വല്ലപ്പോഴും ആരെങ്കിലും ക്ലാസ്സിൽ കൊണ്ടുവന്നാൽ മാത്രം. എന്നാൽ കോവിഡ് കാലമാരംഭിച്ചപ്പോൾ മൊബൈൽ സ്വന്തമായി ഉപയോഗിക്കാൻ തുടങ്ങിയതോടെ അവൻ പതുക്കെ പതുക്കെ ഈ ദുശ്ശീലത്തിന് അടിമയാകുകയായിരുന്നു. എന്തോ സംശയംതോന്നി അവന്റെ അമ്മ ആദ്യമേതന്നെ അവനോട് ഇതേക്കുറിച്ച് സംസാരിച്ചിരുന്നു. എന്നാൽ തന്റെ മകൻ നല്കിയ വാക്കു വിശ്വസിച്ച അമ്മ പിന്നെ അവനെ സംശയിച്ചില്ല. എന്നാൽ അവനുവേണ്ടിയുള്ള പ്രാർത്ഥന അമ്മ കൂടുതൽ ശക്തമാക്കി. വളരെ ഉയർന്ന നിലയിൽ ജോലി ചെയ്യുന്ന തന്റെ അമ്മ രാത്രികാലങ്ങളിൽ പതിവായി പ്രാർത്ഥനയ്ക്കായി

സമയം കണ്ടെത്തുന്നതു കണ്ട നിതിന് അത് ഒരു വലിയ സംഘർഷം ഉളവാക്കാൻ ഇടയാകുകയും സ്വന്തം ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നതിലേക്ക് നയിക്കുകയും ചെയ്തു.

ഒൻപതാം ക്ലാസ്സിൽ എത്തിയ അവൻ സ്വയം തിരിച്ചറിഞ്ഞ് ചില കാര്യങ്ങൾ പങ്കുവച്ചത് ഇപ്രകാരമാണ്. ഒന്നും പഠിക്കാൻ പറ്റുന്നില്ല. എപ്പോഴും ദേഷ്യം. പ്രത്യേകിച്ച് തന്റെ അനുജത്തിയെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും എപ്പോഴും അസ്വസ്ഥപ്പെടുത്തി കൊണ്ടേയിരുന്നു. താൻ മോശമാണ്, തന്നെ ഒന്നിനും കൊള്ളില്ല എന്ന ചിന്ത ഓരോ ദിവസം മുന്നോട്ടു പോകുംതോറും അവനിൽകൂടികൂടി വന്നു. എത്ര ശ്രമിച്ചിട്ടും അവന് തന്റെ ദുശ്ശീലത്തെ മാറ്റാനോ ഒരു കുറവ് വരുത്താനോ അവനായില്ല. തനിക്ക് എന്തോ പ്രശ്നമുണ്ടെന്നും ഒരു സഹായം ആവശ്യമാണെന്നും അവനു മനസ്സിലായി. തന്റെ തെറ്റുകളും കുറവുകളും പരിശ്രമത്തിൽ ഉണ്ടായ പരാജയവും തനിക്ക് നേരിടുന്ന ആന്തരിക സംഘർഷങ്ങളും എല്ലാം തുറന്നു പറഞ്ഞ നിതിൻ ഇനി ഒരിക്കലും താൻ ഇതിന് അടിമയാകില്ല എന്ന ശക്തമായ ഒരു തീരുമാനത്തിലേക്ക് കടന്നു വരികയായിരുന്നു.

ഈശോ അവനെ സ്പർശിച്ചതുപോലെ എനിക്ക് തോന്നി. തീർച്ചയായും മനുഷ്യന് അസാധ്യമായത് ദൈവത്തിന് സാധ്യമാണെന്ന് എന്നെ ഒരിക്കൽക്കൂടി പഠിപ്പിക്കുന്നതായിരുന്നു നിതിനിൽ ഞാൻ കണ്ട മാറ്റം. പതുക്കെ പതുക്കെ അവൻ തികഞ്ഞ സന്തോഷത്തിലേക്കും ഏറെ ഉന്മേഷത്തിലേക്കുമൊക്കെ തിരിച്ചുവരുന്നത് കാണാൻ എനിക്ക് ഇടയായി. ഇന്നവൻ നന്നായി പഠിക്കുന്ന, ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്ന ഒരു മിടുക്കൻകുട്ടിയായി മാറിയിരിക്കുന്നു.

ഈ സംഭവത്തിന്റെ പിന്നിലുള്ള വേദനിപ്പിക്കുന്ന മറ്റൊരു സത്യം കൂടി നിങ്ങളോടു പങ്കുവയ്ക്കട്ടെ. നിതിൻ ഞങ്ങൾ തമ്മിലുള്ള അവന്റെ അവസാനത്തെ കണ്ടുമുട്ടലിൽ യാത്ര ചോദിച്ച് പുറത്തേക്ക് ഇറങ്ങുന്നതിനുമുമ്പ് ഒരു കാര്യം വളരെ രഹസ്യമായി എന്നോടു ചോദിച്ചു. സിസ്റ്റർ എന്റെ അപ്പനെക്കൂടെ ഒന്നു രക്ഷിക്കാമോ? അവൻ ഏറെ വേദനയോടെ പറഞ്ഞു. എന്റെ അപ്പൻ ബ്ലൂ ഫിലിം കാണുന്നുണ്ട്. ഇത് എനിക്ക് മനസ്സിലായെന്ന് അപ്പൻ തിരിച്ചറിഞ്ഞപ്പോൾമുതൽ അപ്പൻ സ്വന്തം ഫോണിന് ലോക്ക് ഇടാൻ തുടങ്ങി.

ഇവിടെ ആരാണ് യഥാർത്ഥത്തിൽ തെറ്റുകാരൻ? അപ്പനോ? മകനോ? പ്രിയപ്പെട്ടവരേ, ഇന്നത്തെ യുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും ഒരു വലിയ പ്രശ്നം അവർക്ക് അനുകരിക്കാൻ ഒരു മാതൃക ഇല്ല എന്നതാണ്. എന്നും ദുഃഖവെള്ളിയിൽ നില്ക്കേണ്ടതല്ല നമ്മുടെ കുഞ്ഞുങ്ങളുടെ ജീവിതം. ഉത്ഥിതനായ ഈശോയുടെ സമാധാനം ഹൃദയത്തിൽ ഏറ്റുവാങ്ങി ജീവിതത്തിലൂടെ അത് മക്കൾക്കും ചുറ്റുമുള്ളവർക്കും പങ്കുവച്ചു കൊടുക്കാൻ നമുക്ക് സാധിക്കട്ടെ. ഈ ഉയിർപ്പുകാലം നവീകരിക്കപ്പെട്ട ഒരു ജീവിതത്തിന്റെ ഉടമയാക്കി നമ്മെ മാറ്റട്ടെ.





# ഞാനുണ്ട് കൂടെ

ജിനു നിരപ്പേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

> **"നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത് ലോകത്തിനു പ്രതീക്ഷ കൊടുക്കുന്നതിനുവേണ്ടിയാണ്"**
> **(ദൈവദാസൻ വില്യം ജക്വീന്താ)**

**രോ**ഗത്താലും പരാജയചിന്തകളാലും കരിനിഴലേറ്റതായിരുന്നു അവരുടെ ജീവിതം. ചോര നീരാക്കി വളർത്തിയ മക്കൾ അവരുടേതായ കാര്യങ്ങളുമായി തിരക്കിലായി. വാർദ്ധക്യത്തിന്റെ ആരംഭത്തിൽത്തന്നെ ജീവിതം ദുരിതപൂർണമായി മാറി. കൈകാലുകളുടെ വേദന അവർ അറിഞ്ഞുതുടങ്ങി. ആകെ ചലനശേഷി നഷ്ടപ്പെട്ടപോലെ... ഒന്നും ചെയ്യാൻ തോന്നുന്നില്ല. ഇനി അധികകാലം ഒന്നും വേണ്ടായിരുന്നു... ഒന്ന് പോയാൽ മതി എന്ന ചിന്തയും ഏറിവരുന്നു.

ആരോ വാതിൽക്കൽ വന്നു എന്നു മനസ്സിലാക്കിയ അയാൾ അവളോടു പറഞ്ഞു... ആരോ വന്നുവെന്നു തോന്നുന്നു നീ ഒന്ന് നോക്കിക്കേ... ആരുവരാൻ എന്ന് പിറുപിറുത്തുകൊണ്ട് വാതിൽ തുറന്ന അവർക്കു തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. തന്റെ മകൾ, കൂടെ അവളുടെ മകളും... തന്റെ പ്രിയപ്പെട്ട കൊച്ചുമകൾ... ആ വരവ് പിന്നെ ഒരു പതിവാക്കി. അത് അവരുടെ ജീവിതത്തിൽ പുത്തൻപ്രതീക്ഷയുടെ നാളമുയർത്തി. പതിയെ കരിനിഴൽ അകന്നുമാറി. വേദനകൾ അറിയാതെയായി. അവധി ദിവസങ്ങളിൽ അവർക്കായി അടുപ്പുകൾ പുകഞ്ഞുതുടങ്ങി. പഴയ യുവത്വം തിരിച്ചുകിട്ടിയപോലെ കൊച്ചുമകളുമായി അവർ സമയം ചിലവിട്ടു.

പ്രതീക്ഷകൾ ജീവൻ പകരുന്നു... പ്രതീക്ഷകൾ അസ്തമിക്കുന്നിടത്തു ജീവിതംതന്നെ ദുരിതപൂർണമാകുന്നു. അതുവരെ ഉണ്ടായിരുന്ന ബന്ധങ്ങളും സ്വന്തങ്ങളുമൊക്കെ ഇല്ലാതെ തന്നിലേക്കുതന്നെ ഒതുങ്ങിക്കൂടുന്നു... ഇരുളറകളിലെ ഇരുട്ടു കൂടിവരുന്നു... ഈശോയെ മരണം തങ്ങളിൽനിന്ന് വേർപെടുത്തിയെന്നു ചിന്തിച്ച ശിഷ്യഗണം അവനെവിട്ട് ഇരുളിൽ തപ്പിത്തടഞ്ഞു. അവനില്ലാത്ത ജീവിതവഞ്ചിയുമായി അവർ നീങ്ങി. അവനില്ലാത്തതിന്റെ മൂകത അവരുടെ വാക്കിലും ചിന്തയിലും ഉണ്ടായി. എങ്കിലും അവൻ അവരുടെകൂടെ ഉണ്ടായിരുന്നു. അവരുടെ ആവശ്യങ്ങളിൽ ഇടപെട്ട് അവൻ അവരുടെ കണ്ണുകൾ തുറന്നു.

വലയിൽ മത്സ്യം നിറഞ്ഞപ്പോഴും, അപ്പം വാഴ്ത്തി മുറിച്ചു നൽകിയപ്പോഴും അതുവരെ തങ്ങളുടെ കൂടെയുണ്ടായിരുന്ന ആ സാന്നിധ്യത്തെ അവർ തിരിച്ചറിഞ്ഞു. എന്നാൽ ഉയിർത്തെഴുന്നേറ്റ ഈശോയെ ജീവിതത്തിൽ കണ്ടുമുട്ടിയപ്പോൾ, കൂടെയുള്ള അവന്റെ ശക്തി അവർക്കു ലഭിച്ചപ്പോൾ, ഈശോയെ ലോകത്തിന് നൽകുന്ന പ്രതീക്ഷയുടെ വിതക്കാരായി അവർ മാറി.

കൂരിരുട്ടിന്റെ വഴികളാണ് നമുക്ക് വെളിച്ചത്തെക്കുറിച്ചു പറഞ്ഞുതരിക. കൂരിരുട്ട്, അതെന്തുമാകാം. രോഗങ്ങളോ, ജീവിതത്തകർച്ചകളോ, ആരുമില്ല എന്ന തോന്നലുകളോ ഒക്കെയാകാം. നമ്മുടെ ജീവിതം കൂരിരുട്ടിലായെന്നു തോന്നുന്നുമ്പോൾ നാം ആഗ്രഹിക്കുന്ന പലതുണ്ട്. ഒരു സാന്ത്വനവാക്കോ, കൂടെനിൽക്കുന്ന ഒരു സാന്നിധ്യമോ ഒക്കെയാകാം അത്. കാരണം, അഗാധമായ കൂരിരുട്ടിൽ അകലത്തായി കാണുന്ന ഒരു ചെറുവെളിച്ചംപോലും നമ്മെ എത്രയധികം ഊർജ്ജസ്വലരാക്കും! എന്നാൽ കിട്ടാത്തതിൽ ദുഃഖിക്കുന്നതിനേക്കാൾ നല്ലത് ആവശ്യമുള്ളവർക്ക് നമുക്കു സാധിക്കുന്നതൊക്കെ കൊടുക്കുന്നതല്ലേ. അത് ആവശ്യമുള്ള അനേകർ ഉണ്ടെന്നേ... ഒരുദിവസത്തെയെങ്കിലും നമ്മുടെ ജീവിതയാത്രയിൽ നാം ശ്രദ്ധിച്ചുമുന്നോട്ടുപോയാൽ വിശ്വാസത്തിന്റെ വെളിച്ചം നഷ്ടപ്പെട്ട അനേകരെ നമുക്ക് കണ്ടെത്താനാവും ..

ഒരു പുഞ്ചിരിയിലൂടെ... ഒരു വാക്കിലൂടെ... ഒരു ചെറു കൈ സഹായത്തിലൂടെ... എല്ലാറ്റിനുമുപരി നിരന്തര പ്രാർത്ഥനയിലൂടെ... അവരുടെ ജീവിതത്തിൽ ഒരു പ്രതീക്ഷയുടെ നാളമാകാൻ നിനക്കും ആകില്ലേ... നീ എന്താണെങ്കിലും, എങ്ങനെയുള്ളവനാണെങ്കിലും നിന്റെ ഒരു സാന്നിധ്യം മതി നിരാശയിലാഴ്ന്നവർക്ക് ശക്തിയാകാൻ... പ്രതീക്ഷയാവാൻ... ബലമാകാൻ...




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**



# പക വേണ്ട

സ്റ്റെഫി മംഗലത്തുകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**വി.** ഗ്രന്ഥത്തെ അപമാനിച്ചതു വർഗ്ഗീയവാദിയാണെങ്കിൽ വി. കുരിശിനെയും കുമ്പസാരമെന്ന പാവനകൂദാശയെയും അവഹേളിച്ചതു വിദ്യാർത്ഥിസംഘടനയും സമർപ്പണത്തെയും പൗരോഹിത്യത്തെയും അപമാനിച്ചതു സാഹിത്യസമൂഹവുമാണ്. ചെയ്തത് ആരുമാകട്ടെ ഒരു വിശ്വാസത്തെയോ ആശയത്തെയോ തകർത്തെറിഞ്ഞുകൊണ്ടല്ല മറ്റൊരു വിശ്വാസവും ആശയവും ഉയർന്നുവരേണ്ടത്. ജാതി മത വർണ്ണ വർഗ്ഗഭേദമെന്യേ സഹജരെ സ്നേഹിക്കാൻ മാത്രം പഠിപ്പിച്ച ഈശോയെ അവഹേളിക്കുവാൻ രണ്ടാമതൊന്ന് ആലോചിക്കാത്തവൻ പിശാചിന്റെ അടിമയാണെന്നു പറയുവാൻ സങ്കോചം വേണ്ട. യാതൊരു പ്രകോപനവും ഉണ്ടാക്കാതിരുന്നിട്ടും വീണ്ടും വീണ്ടും ക്രിസ്ത്യാനിയെ അവഹേളിക്കുന്നവർക്കുള്ള മറുപടി ബൈബിൾ നൽകുന്നതു ശ്രദ്ധേയമാണ്; ക്രിസ്ത്യാനികളെ ഇല്ലായ്മചെയ്യാൻ ഇറങ്ങിപ്പുറപ്പെട്ടവരോട് സർവ്വാദരണീയനായ ഗമാലിയേൽ എന്ന ഫരിസേയൻ ഇപ്രകാരം അരുളിചെയ്തു: "ഈ ആളുകളിൽ (ക്രിസ്ത്യാനികളിൽ)നിന്നും അകന്നു നിൽക്കുക. അവരെ അവരുടെ വഴിക്കു വിട്ടേക്കുക. കാരണം ഈ ആലോചനയും ഉദ്യമവും മനുഷ്യരിൽ നിന്നാണെങ്കിൽ പരാജയപ്പെടും. മറിച്ച് ദൈവത്തിൽ നിന്നാണെങ്കിൽ അവരെ (ക്രിസ്ത്യാനികളെ) നശിപ്പിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല. മറിച്ച് ദൈവത്തെ എതിർക്കുന്നവരായി നിങ്ങൾ എണ്ണപ്പെടുകയും ചെയ്യും" (നട 5:38-39). അതുകൊണ്ട് ഭയം കൂടാതെ സാക്ഷ്യം നൽകാം. കാരണം ദൈവത്തിനുവേണ്ടി ജീവിക്കുന്നവരെ അവിടുന്നുതന്നെ കാത്തുകൊള്ളും.

സമാനമായ, അല്ല അതിനെക്കാൾ പതിന്മടങ്ങു ഭീകരമായ അവസ്ഥയിലൂടെ കടന്നുപോയ ശ്ലീഹന്മാരുടെയും ആദിമ ക്രൈസ്തവരുടെയും മാതൃകയാണ് ക്രിസ്ത്യാനികളായ നാം ഇവിടെ സ്വീകരിക്കേണ്ടത്: "അവരാകട്ടെ ഈശോയുടെ നാമത്തെപ്രതി അവമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ട് പുറത്തുപോയി.... ഈശോയാണ് മിശിഹാ എന്നു പഠിപ്പിക്കുന്നതിൽ നിന്ന് അവർ വിരമിച്ചില്ല" (നട 5:41-42). അസാമാന്യ ക്ഷമയോടെ മൗനം പാലിക്കണമെന്നല്ല, ശക്തമായ വാക്കുകളിലൂടെ, സാധ്യമായ മാധ്യമങ്ങളിലൂടെയൊക്കെ പ്രതികരിക്കുക തന്നെ വേണം; ഉത്ഥിതന്റെ വഴി സമാധാനത്തിന്റെ വഴിയാണെന്നതു മറക്കാതെ.

പീഡനം കൊണ്ടുപോലും തകർക്കാനാവുന്നതല്ല ക്രിസ്ത്യാനിയുടെ വിശ്വാസമെന്നതിനു പ്രഥമസാക്ഷ്യം വി. ബൈബിളിൽ തന്നെയുണ്ട്. ആദിമകാലംതൊട്ടേ അതിക്രൂരമാംവിധം പീഡിപ്പിക്കപ്പെട്ടിട്ടും പലവിധത്തിൽ തകർക്കാൻ ശ്രമിച്ചിട്ടും ഇന്നും ക്രൈസ്തവസമൂഹം നിലനിൽക്കുന്നു എന്നതു തമസ്കരിക്കാനാവാത്ത സത്യമാണ്. കാരണം ഈശോ പ്രഘോഷിച്ചതു സമാധാനത്തിന്റെയും ക്ഷമയുടെയും പരസ്നേഹത്തിന്റെയും സുവിശേഷമാണ്. അതു തന്നെയാണ് സഭ ഇന്നും തുടരുന്നതും. ഈശോയുടെ നാമത്തിൽ അപമാനിക്കപ്പെട്ടാൽ സന്തോഷപൂർവ്വം, അഭിമാനത്തോടെ സഹിക്കുന്നവനാണു ക്രിസ്ത്യാനി..... എന്നാൽ ഈശോ അപമാനിക്കപ്പെട്ടാൽ പ്രതികരിക്കാതിരിക്കുന്നതു നല്ല ക്രിസ്ത്യാനിക്കു ചേർന്നതല്ല!

എന്റെ ദൈവം ജീവിക്കുന്ന ദൈവമാണെന്ന്, അവൻ പറയുന്നതനുസരിച്ചു ജീവിക്കുന്നവർക്കു നിത്യജീവനുണ്ടെന്ന്, സ്വന്തം ജീവിതത്തിലൂടെയല്ലാതെ ക്രിസ്ത്യാനി എങ്ങനെ മറ്റുള്ളവരെ പഠിപ്പിക്കും?

ശ്ലീഹന്മാരുടെയും ആദിമക്രൈസ്തവരുടെയും ജീവിതസാക്ഷ്യം സ്വാധീനം ചെലുത്തിയത് ചെറിയൊരു പ്രദേശത്തല്ല; ലോകം മുഴുവനിലുമാണ് എന്നതു ചരിത്രം. അതുപോലെ മറ്റുള്ളവരെ സ്വാധീനിക്കാനുതകുന്ന ഒരു ജീവിതംനയിക്കാൻ സാധിക്കുന്നുണ്ടോ എന്നത് ഓരോരുത്തരും സ്വയം വിലയിരുത്തട്ടെ. വിശ്വാസം പകർന്നുതന്ന ക്രൈസ്തവമാനുഷിക മൂല്യങ്ങൾക്കു കുറവുവരാതെ, ധീരതയോടെ വിശ്വാസം സംരക്ഷിക്കാനും വിശ്വാസത്തിനു സാക്ഷ്യം വഹിക്കാനും നമുക്കു തയ്യാറാകാം. മരണം വരെ പീഡിപ്പിക്കപ്പെട്ടാലും പതറാത്ത വിശ്വാസത്തിന്റെ ഉടമകളാകാം. കാരണം കുരിശിൽ രക്തം വാർന്നു മരിച്ചവന്റെ ഉത്ഥാനം നമുക്ക് ഉറപ്പാണ്: അവന്റെ ഉത്ഥാനത്തിലേക്കു നാമും പ്രവേശിക്കുമെന്ന ഉറപ്പ്.

ഒന്നിനുപുറകെ ഒന്നായി ദൈവാലയങ്ങളും തിരുസ്വരൂപങ്ങളും തകർക്കപ്പെടുകയും വി. ബൈബിളും കുരിശും പാവനമായ കൂദാശകളും പൗരോഹിത്യ-സമർപ്പണങ്ങളും അപമാനിക്കപ്പെടുകയും ചെയ്യപ്പെടുമ്പോൾ, ഭയപ്പെടേണ്ട, പതറുകയും വേണ്ട; കാരണം നമ്മുടെ ദൈവം ഇന്നും ജീവിക്കുന്ന ദൈവം തന്നെയാണ്.... മനോഹരമായ അക്ഷരങ്ങൾ ചേർത്തുവച്ച മൂർച്ചയേറിയ വാക്കുകൾക്കോ ആളിക്കത്തുന്ന അഗ്നിക്കോ ഇല്ലാതാക്കാൻ കഴിയുന്നതല്ല ഈ സമൂഹം. മനുഷ്യമനസ്സിൽ നന്മയുടെ സന്ദേശം പകർത്തേണ്ട നാടകങ്ങളും പോസ്റ്ററുകളുമൊക്കെ പകയും വിദ്വേഷവും പ്രചരിപ്പിക്കാനുള്ള ആയുധമാക്കുന്നവരോട് വിദ്വേഷത്തിന്റെയോ പരിഭവത്തിന്റെയോ ഒരു കണികപോലും മനസ്സിൽ സൂക്ഷിക്കാൻ പാടില്ല. കാരണം, വിലകുറച്ചുകാണിക്കാൻ അശ്രാന്ത പരിശ്രമം നടത്തിക്കൊണ്ട് ക്രൈസ്തവസമൂഹം വിലയുറ്റതാണെന്നു പറയാതെ പഠിപ്പിക്കുകയല്ലേ അവർ ചെയ്യുന്നത്! "കർത്താവേ ഇവർ ചെയ്യുന്നത് എന്തെന്നറിയായ്കയാൽ ഇവരോടു പൊറുക്കണമേ" എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. നൊന്തു നീറുന്ന ഹൃദയവേദനയുടെ നടുവിലും സമാധാനത്തിന്റെ സുവിശേഷം ജീവിതം കൊണ്ടു പ്രഘോഷിക്കാം.



# ദ്രോഹം

സാബി കോഴിക്കോട്

**തേ**നമ്മാക്കലെ തൊമ്മിച്ചേട്ടന്റെ തലയിൽ തേങ്ങാ വീണു. കുടം കമിഴ്ത്തിയതുപോലെ വായിൽ നിന്നും മൂക്കിൽ നിന്നും രക്തം പ്രവഹിച്ചു. കണ്ടുനിന്ന കുഞ്ഞന്നാമ്മയുടെ പാതി ബോധം പോയി. 'എന്നാലുമെന്റെ തെങ്ങേ, നീ ചതിച്ചല്ലോ; തെങ്ങു ചതിക്കില്ല എന്നു കാരണവന്മാർ പറയുന്നതു പൊളിയാണെന്നേ'. ഓടിക്കൂടിയവർ മൂക്കത്തു വിരൽ വച്ചു. 'നീ ഒരിക്കലും ഗുണം പിടിക്കില്ല', ഇടയ്ക്കിടെ ബോധം വന്ന കുഞ്ഞന്നാമ്മ വിലപിച്ചു. ആംബുലൻസ് എത്തി. തൊമ്മിച്ചേട്ടന്റെ രക്ഷാകർതൃത്വം ഏറ്റെടുത്തുകൊണ്ട് അത് ആശുപത്രിയിലേക്കു പാഞ്ഞു. ഡോക്ടറുടെ വൈദഗ്ധ്യവും കർത്താവിന്റെ കൃപാകടാക്ഷവും ഒന്നുചേർന്നപ്പോൾ തൊമ്മിച്ചേട്ടൻ മരണത്തിൽനിന്നും ജീവിതത്തിലേക്കു തിരിഞ്ഞുനടന്നു. ഇതെല്ലാം കണ്ടും കേട്ടും ഒന്നും പ്രതികരിക്കാനാവാതെ മൂകസാക്ഷിയായി തെങ്ങു നിന്നു.

സത്യത്തിൽ കഴിഞ്ഞ വർഷങ്ങളിലൊക്കെയും ഈ വീട്ടുകാരുടെ ജീവൻ നിലനിർത്തിയിരുന്നത് തെങ്ങാണ്. "നല്ല കായ്ഫലമുള്ള തെങ്ങാ, എന്റെ വരുമാനമാ ഇത്' എന്ന് തൊമ്മിച്ചേട്ടൻ അഭിമാനത്തോടെ പലരോടും പറയുന്നത് ഞാൻ തന്നെ കേട്ടിട്ടുള്ളതാ.... ഒരു ചെറിയ അബദ്ധം സംഭവിച്ചപ്പോൾ അതെല്ലാം എല്ലാവരും മറന്നു. പാകമായ ഫലം എത്രനാൾ എനിക്കു താങ്ങാൻ കഴിയും? എനിക്കെന്താ കൈകളുണ്ടോ"? തെങ്ങ് ഗദ്ഗദപ്പെട്ടു.

ശിരസ്സു മുതൽ പാദം വരെ അപരനായി പകുത്തു നൽകുന്ന ഏകമരമാണ് തെങ്ങ്. ഇത്തിരി കലയും ബുദ്ധിയുമുള്ളവർക്ക് ഏതു വിധേനയും ഇതുകൊണ്ട് നേട്ടമുണ്ടാക്കാം. കൂട്ടം കൂടിയേ നിൽക്കൂ എന്നൊരു പിടിവാശിയൊന്നും അതിനില്ല. ഏതു സാഹചര്യത്തിലും ഒരു ഒറ്റയാന്റെ തലയെടുപ്പോടെ അത് അങ്ങനെ നിൽക്കും. എന്തിനുമേതിനും 'അവരു താങ്ങിയില്ലേ... അവരു വളർത്തിയില്ലേ... പ്രോത്സാഹിപ്പിച്ചില്ലേ... ശ്രദ്ധിച്ചില്ലേ... എന്നൊക്കെ വിലപിക്കുന്നവർക്കുള്ള ഒന്നാന്തരം പാഠമാണ് തെങ്ങിന്റെ ജീവിതം. ഒറ്റയ്ക്കു പൊരുതി ജയിക്കുക അതിന്റെ സവിശേഷതയാണ്. ഇന്നത്തെ തലമുറയെ ഒന്നു നോക്കുക. മറ്റുള്ളവരുടെ സഹായം കൂടാതെ നട്ടെല്ലോടെ നിവർന്നു നിൽക്കാൻ എത്ര പേർക്കാവുന്നുണ്ട്? എന്തിനേറെ സ്റ്റേജിൽ കയറി നാലുപേരോടു സംസാരിക്കണമെങ്കിൽ പോലും ദീർഘനാളത്തെ ട്രെയിനിംഗ് കിട്ടിയേ മതിയാവൂ. തന്നെ പഠിക്കാനാവില്ല; ട്യൂഷൻ കൂടിയേ തീരൂ, തന്നെ ഉറങ്ങാനാവില്ല; ബേബി സിറ്റർ കൂട്ടിനു വേണം, തന്നെ ഉണ്ണാനാവില്ല; വാരിക്കൊടുക്കണം, തന്നെ തീരുമാനമെടുക്കാനാവുന്നില്ല; കൗൺസലിംഗ് സെന്ററിൽ പോകണം, തന്നെ വൃത്തിയാകാനറിയില്ല; ബ്യൂട്ടി പാർലർ തന്നെ വേണം.... പോരാഞ്ഞ് താളത്തിനു തുള്ളുന്ന മാതാപിതാക്കളും. ഇനിയെന്നാണാവോ നാമും നമ്മുടെ മക്കളും സ്വന്തം കാലിൽ നിൽക്കുക!

ലോകത്തെവിടെയും കീർത്തി നേടിയ ഒന്നാംകിട ശീതളപാനീയം തെങ്ങിന്റെ സ്വന്തമാണ്. ഒരു ദാഹശമനി എന്നതിലുപരി തളർച്ച ബാധിച്ചവന്റെ ഉണർവ്വാണിത്. ഏതു ക്ഷീണത്തെയും പമ്പകടത്തി മനുഷ്യന് ആരോഗ്യവും കുളിർമയും വീണ്ടെടുക്കാൻ ഇതിനുള്ള കഴിവ് അപാരം തന്നെ. ജലത്തിനു വേണ്ടിയുള്ള മനുഷ്യന്റെ ദാഹത്തെ ശമിപ്പിക്കുവാൻ ദൈവത്തിന്റെ ഒരു കുഞ്ഞുസൃഷ്ടിയായ തെങ്ങിനാവുമെങ്കിൽ അവരിൽ നുരഞ്ഞുപൊന്തുന്ന മറ്റു ദാഹങ്ങളെ അകറ്റാൻ സ്രഷ്ടാവിലേക്കുതന്നെ തിരിയുന്നതല്ലേ യുക്തി?

അവിടുന്നു പറയുന്നു: "ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ 7:37). ദാഹിക്കുന്നവർ ഒന്നോർക്കുന്നതു നല്ലതാണ്; വെള്ളം വറ്റിയ പൊട്ടക്കിണറുകൾ തേടി നടക്കാതെ യഥാർത്ഥ ഉറവയെ കണ്ടെത്തുക. തെങ്ങു തന്റെ സ്രഷ്ടാവിന്റെ നിയോഗമെന്നപോലെ സ്വയം ഭക്ഷിക്കുവാനും പാനം ചെയ്യുവാനുമായി വിട്ടുകൊടുക്കുന്നു. നമ്മുടെയിടയിലും സ്നേഹത്തിനും കരുതലിനുമായി ദാഹിക്കുന്നവരും വിശക്കുന്നവരുമില്ലേ? വേദനിക്കുന്നവർക്കു നമ്മുടെ ചെറുപുഞ്ചിരിയും സ്നേഹം തുളുമ്പുന്ന വാക്കും പ്രോത്സാഹജനകമായ തോളിലൊരു തട്ടും ഒക്കെ കൊടുക്കാനായാൽ അപരന്റെ ദാഹമകറ്റുന്ന മിശിഹായുടെ നീർച്ചാലുകളാകാൻ നമുക്കു കഴിയും.

തെങ്ങോലകൾ കാറ്റിലാടുന്നതു കാണുവാൻ എന്തു രസമാ! പുരമേയുവാനും കുട്ടികൾക്കു പന്തുണ്ടാക്കി കളിക്കുവാനും അകത്തളങ്ങളെയും മുറ്റത്തെയും വൃത്തിയാക്കുവാനും ബഹുകേമിയാണവൾ. ഒന്നു ചിന്തിച്ചാൽ ഒരമ്മയുടെ റോളല്ലേ തെങ്ങു ചെയ്യുക? ഭവനത്തെ കാറ്റും കോളുമേൽക്കാതെ പൊതിഞ്ഞു പിടിക്കുക, വീട്ടിലുള്ളവർക്ക് അന്നം പാകം ചെയ്തു വിളമ്പുക, തന്റെ സാന്നിധ്യത്താൽ അവരുടെ സന്തോഷത്തെ വർദ്ധിപ്പിക്കുക, ഉള്ളിൽ നിറയുന്ന തിന്മയുടെ അണുക്കളെ അടിച്ചു പുറത്താക്കി ഭവനത്തെ വിശുദ്ധമായി കാക്കുക, അടുത്ത തലമുറയ്ക്ക് ജന്മം നൽകുക എന്നിവയൊക്കെ ഒരമ്മയ്ക്കല്ലാതെ മറ്റാർക്കാണ് ചെയ്യാനാവുക? നമ്മുടെ കുടുംബബന്ധങ്ങളിലും സൗഹൃദങ്ങളിലും നഷ്ടമാകുന്ന അമ്മഭാവത്തെ ഒന്നു തിരികെ പിടിക്കാനുള്ള ആഹ്വാനമായി ഇതിനെ കണക്കാക്കാം. അതിനായി അവൾ സ്വയം തേഞ്ഞുതീരേണ്ടി വരും. തന്റേതായി ഒന്നും പിടിച്ചുവയ്ക്കാതിരിക്കുകയും വേണം. ചില വിട്ടുകൊടുക്കലുകൾ അപരന്റെ ഉള്ളിൽ ദൈവികചരായ ഉണർത്തുമെങ്കിൽ നാമെന്തിനു മടിച്ചു നിൽക്കുന്നു?

തന്റെ ബലമുള്ള തടികൾ മനുഷ്യർക്ക് അക്കരെയിക്കരെ കടക്കാനുള്ള പാലമായും തെങ്ങ് നൽകാറുണ്ട്. ഒരുവനെ ദുരിതപർവ്വങ്ങളിൽ നിന്നും സമൃദ്ധിയുടെ അക്കരെയെത്തിക്കുവാനായാൽ സാർത്ഥകമാകും നമ്മുടെ ജീവിതം. മിശിഹായും ചെയ്തത് അതുതന്നെയല്ലേ? താണുകൊടുത്തു ഭൂമിയോളം, വീണുകൊടുത്തു പാതാളത്തോളം. അതവനെ ഉയിർപ്പിച്ചു, സ്വർഗ്ഗത്തോളം. നമുക്കും അവന്റെ പാത പിന്തുടരാം; ഉയിർക്കാൻ, അപരനെ ഉയിർപ്പിക്കാൻ.

തെക്കുനിന്നു തേങ്ങായുമായി വന്ന ഇവൻ കേരളത്തിന്റെ ദേശീയവൃക്ഷം ആണെന്നത് അഭിമാനകരം തന്നെ. ഒരു നാടിനുപോലും പേരുനൽകാൻ (നാരികേരം) ഈ വമ്പനായെങ്കിൽ പ്രശസ്തിയിൽ ഒട്ടും ചില്ലറക്കാരനല്ലിവൻ. ഇങ്ങനെയൊക്കെയാണെങ്കിലും അഹങ്കാരമൊന്നും വേണ്ട. ചെറുവിരലോളം വരുന്ന കൊമ്പൻചെല്ലി മതി ഇവന്റെ കൂമ്പെടുക്കാൻ.

എനിക്കൊന്നിനും കുറവില്ല, ആരുടെയും സഹായം എനിക്കുവേണ്ട എന്ന ധാരണയുണ്ടെങ്കിൽ ഓർമ്മിക്കുക, ഒരു ചെറിയ കാറ്റു മതി നമ്മുടെ ജീവിതം നിലംപരിശാകാൻ. അഹങ്കാരത്തിന്റെ മേലങ്കിയഴിച്ച് വിനയത്തിന്റെയും എളിമയുടെയും ശുഭ്രവസ്ത്രം നമുക്കു ധരിക്കാം.... നമ്മുടെ ദാഹം അപരന്റെ നന്മയ്ക്കുവേണ്ടിയാകവട്ടെ.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



ജെയ്നമ്മ ചെമ്പനാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: പ്രാർത്ഥനയിൽ സ്ഥിരതയോടെ നിന്ന പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

'ഇതാ ഞാൻ' എന്നു പറഞ്ഞുകൊണ്ട് ദൈവഹിതത്തിന് പൂർണ്ണമായി അടിയറ വച്ച മറിയം പ്രാർത്ഥനയുടെ കന്യകയാണ്. ദൈനംദിനജീവിതത്തിലെ കഷ്ടനഷ്ടങ്ങളെ എളിമയോടെ ഏറ്റെടുക്കുവാൻ പഠിപ്പിച്ചുകൊണ്ട് ഞങ്ങളുടെ ആഗ്രഹങ്ങളെയും ഹൃദയനൊമ്പരങ്ങളെയും പ്രാർത്ഥനകളെയും ആ മാതൃഹൃദയത്തിൽ ഏറ്റെടുക്കുകയും ഒട്ടും കുറയാതെ പരിശുദ്ധ ത്രിത്വത്തിന്റെ കരങ്ങളിലേല്പിക്കുകയും ചെയ്യുന്ന പരിശുദ്ധ അമ്മേ നിന്നെപ്പോലെ ഞങ്ങളെയും പ്രാർത്ഥനയുടെ വ്യക്തികളാക്കി മാറ്റുവാൻ നിന്റെ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: പരിശുദ്ധാത്മാവിനാൽ മഹത്വീകരിക്കപ്പെട്ട പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടവളായ പരിശുദ്ധ അമ്മേ, വഴിതെറ്റാതെ സ്വർഗ്ഗമാകുന്ന ലക്ഷ്യത്തിലെത്തിച്ചേരുവാൻ, നിന്നെപ്പോലെ ഞങ്ങളെയും പരിശുദ്ധാത്മനിറവുള്ളവരാക്കി മാറ്റുവാൻ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: പ്രതീക്ഷയുടെ വിതക്കാരിയായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

കഠോരമായ അന്ധകാരത്തിന്റെ സമയങ്ങളിൽപോലും പ്രതീക്ഷ നഷ്ടപ്പെടുത്താതെ പിതാവിന്റെ പദ്ധതികൾക്ക് തന്നെത്തന്നെ വിട്ടുകൊടുത്ത പരിശുദ്ധ അമ്മേ, ദുർഗ്രഹമെന്നു തോന്നുന്ന സംഭവങ്ങളുടെ മുമ്പിൽ നിന്നെ അനുകരിക്കാനും നിന്നെപ്പോലെ ഞങ്ങളും പ്രതീക്ഷയുടെ വിതക്കാരായി തീരുവാനും തിരുക്കുമാരനോട് അപേക്ഷിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: പിതാവിന്റെ ഹിതം നിറവേറ്റിയ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

ദൈവത്തിന്റെ ഹിതം പൂർണതയിൽ നിറവേറ്റിക്കൊണ്ട് ഒരേസമയം കന്യാത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും മാതൃകയായിത്തീർന്ന പരിശുദ്ധ അമ്മേ, ഞങ്ങളും ദൈവസ്നേഹത്തിന്റെ നിറവ് അനുഭവിച്ച്, ജീവിതത്തെ പരിവർത്തനവിധേയമാക്കി, പിതാവിന്റെ ഇഷ്ടം മാത്രം എപ്പോഴും നിറവേറ്റുന്ന നല്ല മക്കളായിത്തീരുവാൻ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: പരിപൂർണതയിലേക്കുള്ള വിളി ലഭിച്ച പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

പിതാവിന്റെ നേർക്കും സഹോദരങ്ങളുടെ നേർക്കുമുള്ള സ്നേഹത്താൽ കത്തിജ്വലിച്ചും ദൈവത്തിന്റെ ചിന്തയോട് പൂർണമായി ഒട്ടിച്ചേർന്നുകൊണ്ടും ജീവിച്ച പരിശുദ്ധ അമ്മേ, നിന്നെപ്പോലെ ഞങ്ങളും ഞങ്ങളുടെ ദൈവവിളിയെ അനുധാവനം ചെയ്തുകൊണ്ട്, പരിപൂർണതയിൽ വളരുവാൻ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

"ഗോഗുൽത്തായേ, നീയും ഭാഗ്യവതിയാകുന്നു!
നീ ചെറുതാണെങ്കിലും സ്വർഗം
നിന്നിൽ അസൂയപ്പെടുന്നു.
കാരണം, നമ്മുടെ കർത്താവ്
മേൽ സ്വർഗത്തിൽ മറഞ്ഞിരുന്നപ്പോൾ
നമ്മുടെ അനുരഞ്ജനം നടന്നില്ല.
നിന്നിലാണ് ഞങ്ങളുടെ
കടങ്ങൾ പരിഹരിക്കപ്പെട്ടത്.
ഏദനിലേക്ക് കടക്കാൻ
കള്ളൻ നിന്നിൽ നിന്നാണ്
അതു തുറന്നത്."

(മാർ അപ്രേം, ക്രൂശാരോഹണത്തെപ്പറ്റി 8,5)



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th March 2023

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

''പ്രകാശിച്ച് ശോഭ പരത്തിയ അവന്റെ ജീവിതചര്യകൾ,
അവന്റെ വസ്ത്രം പ്രഖ്യാപിക്കുന്നു. കാരണം,
ഒരന്ധകാരത്തിനും അവനെ ഗ്രസിക്കാൻ കഴിഞ്ഞില്ല.
അവന്റെ വസ്ത്രം കല്ലറയിൽ അവശേഷിച്ചു.
എന്നാൽ ശരീരം അവശേഷിച്ചില്ല.
അങ്ങനെ അവന്റെ ശരീരം ശരീരത്തിന്റെ
ഉത്ഥാനം പ്രഘോഷിച്ചു.
സത്യവചനത്തിന്റെ പ്രതീകമാണ്
അവന്റെ ശരീരത്തിന്റെ സുഗന്ധപൂശൽ.
കാരണം, അത് ആത്മാക്കളുടെ ജീവൻ
ജീർണതയിൽനിന്നു സംരക്ഷിക്കുന്നു.''

(മാർ അപ്രേം, ക്രൂശാരോഹണത്തെപ്പറ്റി 4,18)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal